05
2025
ഏപ്രിൽ
ശനി
മീനം 22

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.116 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-116 പേജ് 4. വില 2.00 രൂപ




02 വഖഫ് ഭേദഗതി ബിൽ; മുനമ്പത്ത് ആഹ്ലാദ പ്രകടനം

03 ഐബി ഉദ്യോഗസ്ഥയുടെ മരണം; സുകാന്തിനെതിരെ ബലാത്സംഗ കുറ്റം ചുമത്തി

04 വഖഫ് ബില്ലിനെ നേരിടാൻ കോൺഗ്രസ് സുപ്രീംകോടതിയിലേക്ക്

# വഖഫ് ഭേദഗതി ബിൽ രാജ്യസഭയും പാസാക്കി

## രാഷ്ട്രപതി അംഗീകരിക്കുന്നതോടെ നിയമമാകും

ന്യൂഡൽഹി : ലോക്സഭയ്ക്കു പിന്നാലെ രാജ്യസഭയും കടന്ന് വഖഫ് ഭേദഗതി ബിൽ. 128 പേർ ബില്ലിനെ അനുകൂലിച്ച് വോട്ടു ചെയ്തു. 95 പേർ എതിർത്തു. ഇന്നലെ പുലർച്ചെ വരെ നീണ്ട ചർച്ചയ്ക്കൊടുവിൽ ലോക്സഭ പാസാക്കിയ ബിൽ കേന്ദ്ര സർക്കാർ ഇന്നലെത്തന്നെ രാജ്യസഭയിലും അവതരിപ്പിക്കുകയായിരുന്നു.



12 മണിക്കൂറിലേറെ നീണ്ട ചർച്ചയ്ക്കൊടുവിൽ ഇന്നു പുലർച്ചെ 1.10ഓടെ ആണ് രാജ്യസഭയിൽ വോട്ടെടുപ്പ് ആരംഭിച്ചത്. പാർലമെന്റിന്റെ ഇരുസഭകളിലും അംഗീകാരം ലഭിച്ചതോടെ ബിൽ നിയമമാകാൻ രാഷ്ട്രപതിയുടെ അംഗീകാരം മാത്രമാണു ശേഷിക്കുന്നത്. ബിൽ രാജ്യസഭയും പാസാക്കിയതോടെ മുനമ്പത്ത് നാട്ടുകാർ ആഹ്ലാദപ്രകടനം നടത്തി. പ്രധാനമന്ത്രി നരേന്ദ്ര മോഡിക്കും കേന്ദ്രമന്ത്രി സുരേഷ് ഗോപിക്കും സമരക്കാർ ജയ് വിളിച്ചു.

ബില്ലിലെ വ്യവസ്ഥകളിൽ കേരള എംപിമാരായ ജോൺ ബ്രിട്ടാസ്, എ. എ. റഹീം, വി. ശിവദാസൻ, ഹാരിസ് ബീരാൻ, അബ്ദുൽ വഹാബ്, പി. സന്തോഷ് കുമാർ, പി. പി. സുനീർ തുടങ്ങിയവർ അവതരിപ്പിച്ച ഭേദഗതികൾ ശബ്ദവോട്ടോടെ തള്ളി. വഖഫ് ബോർഡിൽ മുസ്ലിം അല്ലാത്തവരെ അംഗങ്ങളാക്കുന്നതിനെതിരെ തിരുച്ചി ശിവ നിർദേശിച്ച ഭേദഗതിയും വോട്ടിനിട്ടു തള്ളി.

എൻഡിഎയിലും ഇന്ത്യാ സഖ്യത്തിലുമില്ലാത്ത കക്ഷികളുടെ നിലപാടു സംബന്ധിച്ചാണ് രാജ്യസഭയിൽ ആകാംക്ഷ ഉയർന്നത്. എന്നാൽ, അപ്രതീക്ഷിത നീക്കങ്ങളുണ്ടായില്ല. ബില്ലിനെ എതിർക്കുമെന്ന് ഇന്നലെ രാവിലെ പ്രഖ്യാപിച്ച ബിജെഡി വൈകിട്ടോടെ മനസ്സാക്ഷി വോട്ടിന് അംഗങ്ങളോടു നിർദേശിച്ചു. ലോക്സഭയിൽ സാന്നിധ്യമില്ലാത്ത ബിജെഡിക്ക് രാജ്യസഭയിൽ 7 എംപിമാരുണ്ട്. 7 അംഗങ്ങളുള്ള വൈഎസ്ആർ കോൺഗ്രസും 4 വീതം അംഗങ്ങളുള്ള അണ്ണാഡിഎംകെയും ബിആർഎസും ബില്ലിനെ എതിർത്തു.

വഖഫ് ട്രൈബ്യൂണൽ തീരുമാനത്തിനെതിരെ ഹൈക്കോടതിയെ സമീപിക്കാമെന്ന വ്യവസ്ഥയെ പിന്തുണച്ച കേരള കോൺഗ്രസ് (എം) ചെയർമാൻ ജോസ് കെ. മാണി പക്ഷേ, ബില്ലിനെ പൊതുവിൽ എതിർത്തു.

വഖഫ് കൗൺസിലിലും ബോർഡിലും അമുസ്ലിംകളെ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയോടായിരുന്നു കൂടുതൽ എതിർപ്പ്. ബില്ലിനു മുൻകാല പ്രാബല്യമില്ലെന്നു സമ്മതിക്കുന്ന സർക്കാർ, ഇതു മുനമ്പത്തെ പ്രശ്നത്തിനു പൂർണ പരിഹാരം നൽകുമോയെന്നു സഭയിൽ വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ടു.

14 മണിക്കൂറോളം നീണ്ട ചർച്ചയ്ക്കും വോട്ടെടുപ്പിനുമൊടുവിൽ വ്യാഴാഴ്ച പുലർച്ചെ 1.56നാണ് ബിൽ ലോക്സഭ പാസാക്കിയത്. ഹാജരായിരുന്ന 520 അംഗങ്ങളിൽ 288 പേർ ബില്ലിനെ അനുകൂലിച്ചപ്പോൾ 232 പേർ എതിർത്തു. കേരളത്തിൽനിന്ന് സുരേഷ് ഗോപി ഒഴികെ 18 അംഗങ്ങൾ എതിർത്ത് വോട്ട് ചെയ്തു. പ്രിയങ്ക ഗാന്ധി വിദേശത്തായിരുന്നതിനാൽ ഹാജരായില്ല. വഖഫ് കൗൺസിൽ ഘടന സംബന്ധിച്ച എൻ. കെ. പ്രേമചന്ദ്രന്റെ ഭേദഗതിനിർദേശം തള്ളി (231 288). എൻഡിഎയ്ക്ക് 293 അംഗങ്ങളും ഇന്ത്യാസഖ്യത്തിന് 3 സ്വതന്ത്രരടക്കം 236 അംഗങ്ങളുമാണ് ലോക്സഭയിലുള്ളത്.

1995ലെ വഖഫ് നിയമത്തിലാണ് ഭേദഗതി. ഓഗസ്റ്റിൽ ബിൽ അവതരിപ്പിച്ച ശേഷം സംയുക്ത പാർലമെന്ററി സമിതിയുടെ (ജെപിസി) പരിഗണനയ്ക്കു വിട്ടിരുന്നു.

ജെപിസിയുടെ നിർദേശങ്ങൾ അനുസരിച്ച് പരിഷ്കരിച്ച ബിൽ ആണ് ലോക്സഭയും പിന്നാലെ രാജ്യസഭയും പാസാക്കിയത്. കേന്ദ്ര ന്യൂനപക്ഷകാര്യമന്ത്രി കിരൺ റിജിജുവാണ് ബിൽ അവതരിപ്പിച്ചത്.

# ഫെമ ലംഘനം ; ഗോകുലം ഗോപാലനെ ചോദ്യം ചെയ്ത് ഇഡി

കോഴിക്കോട്: പ്രമുഖ വ്യവസായിയും നിർമാതാവുമായ ഗോകുലം ഗോപാലനെ ചോദ്യം ചെയ്ത് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ്. കോഴിക്കോട് അരയിടത്ത് പാലത്തെ ഗോകുലം മാളിനു സമീപത്തെ കോർപറേറ്റ് ഓഫിസിലാണ് ചോദ്യം ചെയ്യുന്നത്.

ആദ്യം വടകരയിലെ വീട്ടിൽ വച്ച് ചോദ്യം ചെയ്യാനായിരുന്നു നീക്കമെങ്കിലും ഗോകുലം ഗോപാലൻ കോഴിക്കോട് കോർപറേറ്റ് ഓഫിസിലേക്ക് എത്തുകയായിരുന്നു. വെള്ളിയാഴ്ച രാവിലെ പതിനൊന്നരയോടെയാണ് ചോദ്യം ചെയ്യൽ ആരംഭിച്ചത്.

ഫെമ നിയമ ലംഘനം ആരോപിച്ച് തമിഴ്നാട്, കേരളം ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിലെ ഗോകുലം ഗോപാലന്റെ വീടും ഓഫീസുകളുമായി ബന്ധപ്പെട്ട് അഞ്ച് സ്ഥലങ്ങളിലാണ് റെയ്ഡ് നടക്കുന്നതെന്ന് ഇഡി വൃത്തങ്ങൾ അറിയിച്ചു.

ചില എൻആർഐകളുമായി 1,000 കോടി രൂപയുടെ ഫെമ ലംഘനം നടത്തിയെന്നും അനധികൃത ഇടപാടുകൾ നടത്തിയെന്നും ആരോപിച്ചാണ് ഇഡി നടപടി.

കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരം അന്വേഷണത്തിന് സാധ്യതയുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഗോകുലം ഗോപാലന്റെ പേരിലുള്ള ചിട്ടി കമ്പനിക്കെതിരായ ചില വഞ്ചനാ കേസുകളും ഇഡി വിശകലനം ചെയ്ത് വരുന്നതായും റിപ്പോർട്ടുകളുണ്ട്.

# പ്രശസ്ത നടൻ രവികുമാർ അന്തരിച്ചു



ചെന്നൈ: മലയാളത്തിലെ മുതിർന്ന ചലച്ചിത്രനടൻ രവികുമാർ അന്തരിച്ചു. അർബുദരോഗത്തെ തുടർന്ന് ചികിത്സയിലിരിക്കെ വെള്ളിയാഴ്ച രാവിലെ 10.30ന് ചെന്നൈയിലായിരുന്നു അന്ത്യം. നൂറിലധികം മലയാള ചലച്ചിത്രങ്ങളിലും നിരവധി തമിഴ് ചിത്രങ്ങളിലും ടെലിവിഷൻ പരമ്പരകളിലും അഭിനയിച്ചിട്ടുള്ള നടനാണ് രവികുമാർ.തൃശൂർ സ്വദേശികളായ കെ. എം. കെ. മേനോന്റെയും ആർ. ഭാരതിയുടെയും മകനായ രവികുമാർ ചെന്നൈയിലാണ് ജനിച്ചത്. 1967- ൽ ഇന്ദുലേഖ എന്ന ചിത്രത്തിലൂടെയായിരുന്നു അരങ്ങേറ്റം.എഴുപതുകളിലും എൺപതുകളിലും മലയാള സിനിമയിലെ ശ്രദ്ധേയ നായകതാരമായിരുന്ന രവികുമാർ മധുവിനെ നായകനാക്കി എം. കൃഷ്ണൻ നായർ സംവിധാനം ചെയ്ത് 1976-ൽ റിലീസ് ചെയ്ത 'അമ്മ'യിലൂടെയാണ് ശ്രദ്ധേയനായത്. പ്രശസ്ത സംഗീത സംവിധായകനായ രവീന്ദ്രനാണ് രവികുമാറിനായി സ്ഥിരം ഡബ്ബ് ചെയ്തിരുന്നത്. ശ്രീനിവാസ കല്യാണം (1981), ദശാവതാരം (1976) തുടങ്ങിയ സിനിമകളിലൂടെ അദ്ദേഹം തമിഴകത്തും തന്റെ മികവ് തെളിയിച്ചു. 1974ൽ സ്വാതി നാച്ചത്തിറം എന്ന തമിഴ് സിനിമയിൽ ഉദയ ചന്ദ്രികയോടൊപ്പം അഭിനയിച്ചിരുന്നു. ആറാട്ട്, സിബിഐ 5 എന്നീ സിനിമകളിലാണ് അദ്ദേഹം അവസാനമായി അഭിനയിച്ചത്.

# വഖഫ് നിയമഭേദഗതി; സ്വാഗതാർഹം: കത്തോലിക്ക കോൺഗ്രസ്

കൊച്ചി: വഖഫ് നിയമ ഭേദഗതി ബിൽ പാർലമെൻറിൽ അവതരിപ്പിച്ചു പാസാക്കിയത് സ്വാഗതാർഹമാണെന്നും ഇതുവഴി വിവിധ മതസ്ഥരായ സാധാരണക്കാരുടെ ആശങ്കകൾക്ക് പരിഹാരം ലഭിക്കുമെന്നും കത്തോലിക്ക കോൺഗ്രസ്.

മുനമ്പം പ്രശ്നപരിഹാരത്തിന് വഖഫ് ഭേദഗതി അനിവാര്യമാണ്. ഇതിനായി മുന്നിട്ടിറങ്ങിയ കേന്ദ്ര സർക്കാരിനെ അഭിനന്ദിക്കുന്നുവെന്നും കത്തോലിക്ക കോൺഗ്രസ് കേന്ദ്രസമിതി വ്യക്തമാക്കി.

മുനമ്പം നിവാസികളുടെ നിലനില്പിനായുള്ള ആവശ്യത്തെ അവഗണിച്ച കേരളത്തിൽനിന്നുള്ള എംപിമാരുടെ നിലപാട് പ്രതിഷേധാർഹമാണ്. നിലവിലെ വഖഫ് നിയമത്തിലെ ചില വ്യവസ്ഥകൾ മൂലം മുസ്‌ലിംകൾ ഉൾപ്പെടെ അനേകം ആളുകൾക്ക് കഷ്ടപ്പെട്ടു സമ്പാദിച്ച സ്വത്ത് നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായിരുന്നു.

പുതിയ വഖഫ് നിയമത്തിൽ ന്യൂനപക്ഷ അവകാശങ്ങളെ ബാധിക്കുന്ന ഭാഗങ്ങളോടു യോജിക്കുന്നില്ല. എന്നാൽ സാധാരണക്കാരന് നീതി ലഭ്യമാക്കുന്ന ഭേദഗതി അതേപോലെ നിലനിർത്തണമെന്നും കത്തോലിക്ക കോൺഗ്രസ് ആവശ്യപ്പെട്ടു.

പ്രസിഡൻറ് രാജീവ് കൊച്ചുപറമ്പിലിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ഡോ. ജോസ്കുട്ടി ഒഴുകയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

# മാസപ്പടി കേസ്: മുഖ്യമന്ത്രിയുടെ മകളെന്ന നിലയിലാണ് വീണയ്ക്ക് പണം ലഭിച്ചതെന്ന് വി. ഡി. സതീശൻ

തിരുവനന്തപുരം: മാസപ്പടി കേസിൽ മുഖ്യമന്ത്രിയുടെ മകൾ വീണ വിജയനെ എസ്എഫ്ഐഒ പ്രതി ചേർത്തത് അതീവ ഗൗരവതരമായ വിഷയമാണെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. മുഖ്യമന്ത്രിയുടെ മകളെന്ന നിലയിൽ മാത്രമാണ് വീണ വിജയന്റെ കമ്പനിക്ക് ഒരു സേവനവും നൽകാതെ 2.7 കോടി രൂപ ലഭിച്ചതെന്ന് സതീശൻ പറഞ്ഞു. ഈ സാഹചര്യത്തിൽ അഴിമതി നടത്തിയതിന്റെ ധാർമ്മിക ഉത്തരവാദിത്തം ഏറ്റെടുത്ത് മുഖ്യമന്ത്രി രാജിവയ്ക്കണമെന്നും സതീശൻ ആവശ്യപ്പെട്ടു. 'സേവനം നൽകാതെ പ്രതിഫലം കൈപ്പറ്റിയെന്ന ആരോപണം ശരിവയ്ക്കുന്നതാണ് എസ്എഫ്ഐഒ കുറ്റപത്രം. പത്ത് വർഷം വരെ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ് മുഖ്യമന്ത്രിയുടെ മകൾ ചെയ്തത്. '- സതീശൻ പറഞ്ഞു. ഒരു നിമിഷം പോലും പിണറായി വിജയൻ മുഖ്യമന്ത്രി സ്ഥാനത്ത് തുടരുന്നത് ഉചിതമല്ലെന്നും മുഖ്യമന്ത്രി സ്ഥാനത്ത് ഇരുന്നു കൊണ്ട് മകൾ പ്രോസിക്യൂഷൻ നടപടികൾ നേരിടുന്നതിനെ എങ്ങനെ ന്യായീകരിക്കും. വി. ഡി. സതീശൻ ചോദിച്ചു. മാസപ്പടി സംബന്ധിച്ച് പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങളെല്ലാം ശരിയെന്ന് തെളിഞ്ഞിരിക്കുകയാണെന്നും സതീശൻ പറഞ്ഞു.

മുഖ്യമന്ത്രിയെ ഇത്രനാൾ ന്യായീകരിച്ചവർക്ക് ഇനി എന്ത് പറയാനുണ്ട് ഇത്രയും ഗുരുതര വിഷയത്തിൽ സിപിഎം കേന്ദ്ര നേതൃത്വവും നിലപാട് വ്യക്തമാക്കണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

# പീഡന വിവരങ്ങൾ വെളിപ്പെടുത്തി പെൺകുട്ടി; രണ്ടുപേർ അറസ്റ്റിൽ

തിരുവല്ല: ഇൻസ്റ്റഗ്രാമിലൂടെ പരിചയപ്പെട്ട് പ്രണയത്തിലായ യുവാവ് വിവാഹവാഗ്ദാനം നൽകി പീഡിപ്പിച്ചെന്ന വിവരം പറയുന്നതിനിടെ, അഞ്ചുവർഷം മുമ്പ് പീഡിപ്പിച്ച 57-കാരന്റെ പേരും വെളിപ്പെടുത്തി പതിനേഴുകാരി. പെൺകുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ രണ്ടുപേരേയും പോലീസ് അറസ്റ്റുചെയ്തു. ആലപ്പുഴ ചേർത്തല മരുത്തോർവട്ടം ഗീതാ കോളനിയിൽ കൃഷ്ണജിത്ത്(20), ചുമത്ര കോട്ടാലി ആറ്റുചിറയിൽ ചന്ദ്രാനന്ദൻ (57) എന്നിവരെ തിരുവല്ല പോലീസാണ് അറസ്റ്റുചെയ്തത്.

ഫെബ്രുവരി ഒൻപതിന് രാത്രിയാണ് കൃഷ്ണജിത്ത് പെൺകുട്ടിയെ ചേർത്തലയിലെ ഇയാളുടെ വീട്ടിലെത്തിച്ച് പീഡിപ്പിച്ചത്. പെൺകുട്ടിയെ അച്ഛന്റെ ഫോണിലൂടെ ബന്ധപ്പെട്ട് വിളിച്ചിറക്കിയശേഷം ബസിൽകയറ്റി ഇയാൾ തന്റെ വീട്ടിലെത്തിക്കുകയായിരുന്നു. ശിശുക്ഷേമസമിതിയിൽനിന്ന് ലഭിച്ച വിവരപ്രകാരം, തിരുവല്ല പോലീസ് കുട്ടിയുടെ മൊഴി രേഖപ്പെടുത്തി കേസെടുത്തു. പ്രതിക്കായി നടത്തിയ തിരച്ചിലിൽ തൃപ്പൂണിത്തുറയിലുണ്ടെന്ന വിവരത്തെത്തുടർന്ന് പോലീസ് അവിടെയെത്തി അറസ്റ്റുചെയ്യുകയായിരുന്നു.

വിവരങ്ങൾ പറയുന്നതിനിടെയാണ് ചന്ദ്രാനന്ദൻ പീഡിപ്പിച്ച വിവരവും വെളിപ്പെടുത്തിയത്. 2020-ലാണ് സംഭവം. ഏഴാംക്ലാസിൽ പഠിക്കുകയായിരുന്ന കുട്ടിയെ ഇയാൾ വീട്ടിലേക്ക് വിളിച്ചുവരുത്തി ശരീരത്തിൽ കടന്നുപിടിക്കുകയായിരുന്നു.

ലൈംഗികമായി ഉപദ്രവിച്ചെന്നും ഭയന്നിട്ടാണ് അന്ന് ആരോടും പറയാഞ്ഞതെന്നും കൗൺസലിംഗിനിടെ കുട്ടി പറഞ്ഞു. കേസെടുത്ത തിരുവല്ല പോലീസ് ഉടനടി പ്രതിയെ പിടികൂടി. ഇൻസ്പെക്ടർ എസ്. സന്തോഷിന്റെ നേതൃത്വത്തിലാണ് ഇരുവരെയും പിടികൂടിയത്.

## പെട്രോളിയം ഉൽപ്പന്നങ്ങൾ കൊണ്ടുവരാൻ പെർമിറ്റ് നിർബന്ധമാക്കി

പെട്രോളിയം ഉത്പന്നങ്ങൾ സംസ്ഥാനത്തിനകത്തേക്ക് കൊണ്ട് വരുന്നതിന് ഏപ്രിൽ 10 മുതൽ പെർമിറ്റ് നിർബന്ധമാക്കി. പെട്രോളിയം ഉൽപന്നങ്ങൾ കൊണ്ടുവരുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ രേഖകളും നിബന്ധനകളും സംബന്ധിച്ച് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു. സംസ്ഥാനത്തിന് പുറത്തു നിന്നും 50 ലിറ്ററോ അതിൽ കൂടുതലോ ഉള്ള പെട്രോളിയം ഉൽപ്പന്നങ്ങൾ സംസ്ഥാനത്തിനകത്തേക്ക് കൊണ്ട് വരുന്ന വ്യക്തികൾ ബില്ല് / ഡെലിവറി നോട്ട് തുടങ്ങിയ മറ്റ് രേഖകളോടൊപ്പം നല്കുന്ന പെർമിറ്റിന്റെ ഒറിജിനൽ കൂടി ചരക്ക് നീക്കം നടത്തുമ്പോൾ കരുതണം.



# ശുചിമുറി മാലിന്യം വീടുകളിലെത്തി സംസ്കരിക്കാൻ ജില്ലാ പഞ്ചായത്ത്

കൊല്ലം: വീടുകളിലെത്തി തത്സമയം ശുചിമുറി മാലിന്യം സംസ്കരിക്കുന്ന പദ്ധതി ആരംഭിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രാരംഭ നടപടികൾ ആരംഭിച്ചു. ഇതിനായി മൂന്ന് മൊബൈൽ ട്രീറ്റ്മെൻറ് പ്ലാൻറ് യൂണിറ്റുകൾ വാങ്ങാൻ ജില്ലാ പഞ്ചായത്ത് തീരുമാനിച്ചതായി പ്രസിഡൻറ് പി. കെ. ഗോപൻ പറഞ്ഞു. എത്രയും വേഗം പദ്ധതി നടപ്പിലാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

തിരുവനന്തപുരത്തെ ഭൗമ എന്ന ഏജൻസിയുടേതാണ് ഈ മൊബൈൽ യൂണിറ്റുകൾ. ഇവയുടെ പ്രവർത്തന ചെലവ് പ്രതിമാസം 1.77 ലക്ഷം രൂപ വരും. ഇന്ധന ചെലവായി മാസംതോറും 10, 000 രൂപയും വേണ്ടി വരും.

ജീവനക്കാർക്കുള്ള ശമ്പളവും ജില്ലാപഞ്ചായത്ത് തന്നെയാണ് വഹിക്കുക. ശമ്പള ഇനത്തിൽ 1.5 ലക്ഷം രൂപയിലധികം പ്രതിമാസം വേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാലിന്യങ്ങൾ അതിവേഗം സംസ്കരിക്കാനുള്ള ശേഷി ഈ മൊബൈൽ യൂണിറ്റുകൾക്കുണ്ട്.

സംസ്കരണ ശേഷം പുറന്തള്ളുന്ന ക്ലോറിനേറ്റ് ചെയ്ത ജലം കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ വീട്ടുപറമ്പിൽ ഒഴുക്കുകയോ ചെയ്യാം. ഏറ്റുമാനൂർ നഗരസഭയിൽ ഈ പദ്ധതി കഴിഞ്ഞ കുറെ നാളുകളായി വിജകരമായി നടക്കുന്നുണ്ട്. അവിടെ പോയി പ്രവർത്തനം വിശദമായി കണ്ട് മനസിലാക്കിയ ശേഷമാണ് കൊല്ലത്ത് നടപ്പാക്കാൻ തീരുമാനം എടുത്തതെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പറഞ്ഞു.

വീടുകളിൽ എത്തി ശുചിമുറി മാലിന്യം സംസ്കരിക്കുന്നതിന് 6000 രൂപയാണ് നിരക്ക് നിശ്ചയിച്ചുള്ളത്. ഹോട്ടലുകൾ, ഓഡിറ്റോറിയങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിലെ മാലിന്യ സംസ്കരണത്തിന് നിരക്കിൽ കാര്യമായ വ്യത്യാസം ഉണ്ടാകും. ഇതിൽ നിന്ന് ലഭിക്കുന്ന തുക പൂർണമായും പദ്ധതിയുടെ നടത്തിപ്പിന് വിനിയോഗിക്കും. രണ്ട് വർഷം കൂടുമ്പോൾ മൊബൈൽ യൂണിറ്റുകളുടെ മെയിൻറനൻസ് നടത്തണം. ഇതിനുള്ള മുഴുവൻ തുകയും ജില്ലാ പഞ്ചായത്ത് തന്നെ വഹിക്കും. മാലിന്യം സംസ്കരിക്കണമെന്ന് ആവശ്യമുള്ളവർ ഓൺലൈനായി ബുക്ക് ചെയ്യണം. ഈ സംവിധാനം ജില്ലാ പഞ്ചായത്ത് ഓഫീസിൽ ഉടൻ നിലവിൽ വരും.

ബുക്കിംഗിന്റെ മുൻഗണനാക്രമം അനുസരിച്ചായിരിക്കും മൊബൈൽ യൂണിറ്റും ജീവനക്കാരും വീടുകളിലും സ്ഥാപനങ്ങളിലും എത്തുക.

# പീക്ക് ടൈം വൈദ്യുത ഉപഭോഗം 7000 മെഗാവാട്ട് കവിയും: ഇ.എം.സി പഠന റിപ്പോർട്ട്

## ഊർജ സംഭരണത്തിന്റെ പ്രായോഗികതയെക്കുറിച്ചുള്ള പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു

സംസ്ഥാനത്തിന്റെ പീക്ക് ടൈം വൈദ്യുത ഉപഭോഗം 2027 സാമ്പത്തിക വർഷത്തോടെ 7,000 മെഗാവാട്ട് കവിയുമെന്ന് എനർജി മാനേജ്മെന്റ് സെന്ററിന്റെ ഊർജ സംഭരണത്തിന്റെ പ്രായോഗികതയെക്കുറിച്ചുള്ള പഠന റിപ്പോർട്ട് സൂചിപ്പിക്കുന്നു.

വൈകുന്നേരം 6 മണി മുതൽ രാത്രി 12 വരെയാണ് പീക്ക് ടൈമായി കണക്കാക്കുന്നത്. 2024 സാമ്പത്തിക വർഷത്തിൽ ഇത് ഏകദേശം 5,300 മെഗാവാട്ട് ആയിരുന്നു. വൈദ്യുത വാഹന ചാർജിംഗും എയർ കണ്ടീഷനിംഗ് ഉപയോഗവും വർധനവിന്റെ പ്രധാന കാരണങ്ങളാണ്. പീക്ക് ഡിമാൻഡ് വർധനവിന്റെ 60 ശതമാനം പ്രതീക്ഷിക്കുന്നത് പ്രസ്തുത മേഖലയിൽ നിന്നാണെന്ന് റിപ്പോർട്ട് വ്യക്തമാക്കി.

ഈ വെല്ലുവിളികളെ നേരിടാൻ, ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റങ്ങൾ (BESS), പമ്പ്ഡ് സ്റ്റോറേജ് പ്രോജക്ടുകൾ (PSP) എന്നിവയുടെ വലിയ തോതിലുള്ള വിന്യാസം ആവശ്യമാണെന്ന് പഠനം ശുപാർശ ചെയ്തു.

സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകതയെയും ഗ്രിഡ് സ്ഥിരത വെല്ലുവിളികളെയും നേരിടാൻ ഊർജ സംഭരണ സംവിധാനങ്ങളുടെ (ESS) സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ നടത്തിയ പഠനറിപ്പോർട്ടാണ് തയ്യാറായത്. ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ ജ്യോതിലാലിന് റിപ്പോർട്ട് കൈമാറി.

പുനരുപയോഗ ഊർജ വിന്യാസത്തിലും ഇലക്ട്രിക് വാഹന (EV) സ്വീകാര്യതയിലും കേരളം അതിവേഗ വളർച്ച കൈവരിക്കുന്നതിനാൽ പീക്ക് പവർ ഡിമാൻഡ് ഗണ്യമായി വർദ്ധിച്ചതായി പഠനം വ്യക്തമാക്കുന്നു.

ബാറ്ററി സംഭരണം ചെലവ് കുറഞ്ഞതും സാധ്യമായതുമായ ഒരു പരിഹാരമായി നിലവിൽ മാറിയിട്ടുണ്ട്. നിലവിലെ കേരളത്തിന്റെ പീക്ക് ഡിമാൻഡ് അനുസരിച്ച് 7 ഏണവ ൽ കൂടുതൽ ഊർജ സംഭരണ ശേഷി സംസ്ഥാനത്തുണ്ടാകണം. ബാറ്ററി ചെലവ് കുറയുന്നതും പ്രാദേശികമായി പ്രയോജനപ്പെടുത്താവുന്നതും ഇതിന് അനുകൂല ഘടകങ്ങളാണ്.

കേരളത്തിലെ നിലവിലുള്ള വൈദ്യുതി സംഭരണ സംവിധാനങ്ങളിൽ സൗരോർജം ഉപയോഗിക്കുന്നത് കൂടുതൽ ചെലവ് കുറയ്ക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു.

ശരിയായ സംഭരണ സാങ്കേതികവിദ്യ തിരഞ്ഞെടുക്കൽ, സംഭരണ സംവിധാനങ്ങൾ രൂപകൽപ്പന ചെയ്യൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി നൂതനമായ നയങ്ങൾ, സംരംഭങ്ങൾ എന്നിവ റിപ്പോർട്ടിലെ പ്രധാന ശുപാർശകളാണ്.

കേരളത്തിന്റെ ഊർജ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഇന്ത്യയിലെ ഊർജ സംഭരണ പരിഹാരങ്ങളിൽ സംസ്ഥാനത്തെ മാതൃകയാക്കി മാറ്റുന്നതിനുള്ള ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായാണ് എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ പഠനം നടത്തിയത്.

# സിഐടിയു സമരം; കച്ചവടം നിർത്തുന്നതായി വ്യാപാരി

പാലക്കാട്: ഷൊർണൂരിൽ സിഐടിയു സമരത്തെ തുടർന്ന് സിമൻറ് കച്ചവടം നിർത്തിയതായി വ്യാപാരി. കൊളപ്പുള്ളി സ്വദേശി ജയപ്രകാശാണ് സിഐടിയു സമരത്തെ തുടർന്ന് സിമൻറ് കച്ചവടം അവസാനിപ്പിച്ചത്.

കടയിൽ കയറ്റിറക്ക് യന്ത്രം സ്ഥാപിച്ചതിനെ തുടർന്ന് സിഐടിയു തൊഴിൽ സമരം ആരംഭിച്ചിരുന്നു. ലോഡിറക്കാൻ കഴിയാതെ വന്നതോടെയാണ് കച്ചവടം താൽക്കാലികമായി നിർത്തുന്നതെന്ന് ജയപ്രകാശ് അറിയിച്ചു. കുളപ്പുള്ളിയിലെ സിമൻറ് കടയിൽ കയറ്റിറക്ക് യന്ത്രം സ്ഥാപിച്ചതിനെ തുടർന്നാണ് കടയുടെ മുന്നിൽ സിഐടിയുവിന്റെ ഷെഡ് കെട്ടി സമരം ആരംഭിച്ചത്.

യന്ത്രം പ്രവർത്തിപ്പിക്കാൻ രണ്ട് ഓപ്പറേറ്റർ മാത്രം മതിയെന്നാണ് സ്ഥാപനത്തിന്റെ ഉടമ പറയുന്നത്. എന്നാൽ യന്ത്രമുണ്ടെങ്കിലും ചാക്കുകൾ കയറ്റാനും ഇറക്കാനും കൂടുതൽ തൊഴിലാളികൾ വേണമെന്നും ഇതിന് അനുവദിക്കാത്തത് തൊഴിൽ നിഷേധമാണെന്നും സിഐടിയു പറയുന്നു.

യന്ത്രത്തിന്റെ പ്രവർത്തനത്തിന് കൂടുതൽ തൊഴിലാളികളുടെ സഹായം വേണമെന്ന് തെളിയിക്കുന്ന ദൃശ്യങ്ങളും സിഐടിയു പുറത്തുവിട്ടു. ഇത് ട്രയൽ റൺ ദിവസത്തെ ദൃശ്യമാണെന്നാണ് കടയുടമയുടെ വാദം. രണ്ട് പേരെ വെച്ച് യന്ത്രം പ്രവർത്തിപ്പിക്കുന്നതിന്റെ ദൃശ്യങ്ങൾ തൊഴിലുടമയും പുറത്തുവിട്ടു. മൂന്ന് മാസം മുൻപാണ് പ്രകാശ് സ്റ്റീൽസ് ഉടമ ജയപ്രകാശ് സ്ഥാപനത്തിൽ, ലോറിയിൽ നിന്നും സിമൻറ് ചാക്കുകൾ ഇറക്കുന്നതിന് കയറ്റിറക്ക് യന്ത്രം സ്ഥാപിച്ചത്.

ഇരുകൂട്ടരും തമ്മിലുള്ള തർക്കം പരിഹരിക്കാൻ തിങ്കളാഴ്ച ലേബർ ഓഫീസർ ചർച്ച വിളിച്ചെങ്കിലും സമവായമായില്ല.

# വിറ്റുവരവിൽ നൂറു കോടി ക്ളബിൽ കുടുംബശ്രീ കേരള ചിക്കൻ പദ്ധതി നേട്ടം

## 2024–25 സാമ്പത്തിക വർഷത്തെ വിറ്റുവരവിൽ

തിരുവനന്തപുരം: 105.63 കോടി രൂപയുടെ റെക്കോഡ് വിറ്റുവരവുമായി കുടുംബശ്രീ കേരള ചിക്കൻ പദ്ധതി. 2024-25 സാമ്പത്തിക വർഷത്തിലെ വിറ്റുവരവിലാണ് മികച്ച നേട്ടം കൈവരിച്ചു കൊണ്ട് പദ്ധതിയുടെ കുതിപ്പ്. ഇതു കൂടി ചേർത്ത് നാളിതു വരെ ആകെ 357 കോടി രൂപയുടെ വിറ്റുവരവ് പദ്ധതി സ്വന്തമാക്കി.

നിലവിൽ പതിനൊന്ന് ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിൻറെ ഭാഗമായി 450 ബ്രോയ്ലർ ഫാമുകളും 139 ഔട്ട്ലെറ്റുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഇതിൽ അംഗങ്ങളായ എഴുനൂറോളം ഗുണഭോക്താക്കൾക്കാണ് വിറ്റുവരവിൻറെ വരുമാനമത്രയും ലഭിക്കുക.

2019-ലാണ് സംസ്ഥാനത്ത് കേരള ചിക്കൻ പദ്ധതി ആരംഭിച്ചത്. തുടക്കം മുതൽ ഗുണഭോക്താക്കൾക്ക് ആകർഷകമായ വരുമാന ലഭ്യത ഉറപ്പു വരുത്താൻ കഴിയുന്നു എന്നതാണ് പദ്ധതിയെ ശ്രദ്ധേയമാക്കുന്നത്. ഔട്ട്ലെറ്റ് നടത്തുന്ന ഒരു ഗുണഭോക്താവിന് ശരാശരി 89,0000 രൂപയാണ് മാസവരുമാനമായി ലഭിക്കുന്നത്. നാളിതു വരെ ഈയിനത്തിൽ 45.40 കോടി രൂപ ഗുണഭോക്താക്കൾക്ക് വരുമാന ഇനത്തിൽ ലഭിച്ചു.

കോഴി വളർത്തൽ കർഷകർക്കും മികച്ച നേട്ടമാണ് കൈവരിക്കാൻ കഴിഞ്ഞത്. ഫാം ഇൻറഗ്രേഷൻ വഴി കർഷകർക്ക് രണ്ടു മാസത്തിലൊരിക്കൽ 50,000 രൂപയാണ് വരുമാനമായി ലഭിക്കുക. നാളിതു വരെ ഇൻറഗ്രേഷൻ വഴി മാത്രം കർഷകർക്ക് 33.19 കോടി രൂപ ലഭിച്ചിട്ടുണ്ട്.

ഉപഭോക്താവിന് ന്യായവിലയ്ക്ക് സംശുദ്ധമായ കോഴിയിറച്ചി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് കുടുംബശ്രീ മുഖേന ആരംഭിച്ച പദ്ധതിയാണ് കേരള ചിക്കൻ. കുടുംബശ്രീ വനിതകൾക്ക് മെച്ചപ്പെട്ട തൊഴിലും വരുമാന ലഭ്യതയും ഉറപ്പു വരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.

കൂടാതെ ഉപഭോക്താക്കൾക്ക് ന്യായവിലയിൽ ഗുണമേൻമയുള്ള ചിക്കൻ ലഭ്യമാക്കുക, ആഭ്യന്തര ഉപഭോഗത്തിനാവശ്യമായ ചിക്കൻറെ പകുതിയെങ്കിലും ഉൽപാദിപ്പിക്കുക എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

പദ്ധതി വിപുലീകരിക്കുന്നതിൻറെ ഭാഗമായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുമായി സഹകരിച്ചു കൊണ്ട് 'കുടുംബശ്രീ കേരള ചിക്കൻ' എന്ന ബ്രാൻഡിൽ ഫ്രോസൻ ചിക്കൻ കറി കട്ട് വിപണിയിലെത്തിക്കാൻ കഴിഞ്ഞിരുന്നു. നിലവിൽ തിരുവനന്തപുരം, തൃശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഉൽപന്നം ലഭ്യമാണ്. ഈ വർഷം ഇടുക്കി, വയനാട്, കാസർകോട് ജില്ലകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കും.

# വൻവീഴ്ചയിൽ സ്വർണം; ഒറ്റയടിക്ക് കുറഞ്ഞത് 1,280 രൂപ, 67,500ൽ താഴെ

കൊച്ചി: ചരിത്രത്തിലെ ഏറ്റവും ഉയർന്ന വിലയിൽ നിന്നു താഴെവീണ് സ്വർണ വില. പവന് ഒറ്റയടിക്ക് 1,280 രൂപയും ഗ്രാമിന് 160 രൂപയുമാണ് കുറഞ്ഞത്. ഇതോടെ ഒരു പവൻ സ്വർണത്തിന് 67,200 രൂപയിലും ഗ്രാമിന് 8,400 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 150 രൂപ ഇടിഞ്ഞ് 6,880 രൂപയിലെത്തി. ചൊവ്വാഴ്ച ചരിത്രത്തിലാദ്യമായി 68,000 രൂപ ഭേദിച്ച പവൻവില വ്യാഴാഴ്ച 68,480 രൂപ എന്ന സർവകാല റിക്കാർഡിലെത്തിയിരുന്നു. കഴിഞ്ഞ മാസത്തിന്റെ തുടക്കത്തിൽ 63,520 രൂപയായിരുന്നു സ്വർണവില. ഒരു മാസത്തിനിടെ 4,960 രൂപയാണ് വർധിച്ചത്. ഒരാഴ്ചയ്ക്കിടെ 3,000 രൂപ ഉയർന്ന ശേഷമാണ് ഇന്ന് ഒറ്റയടിക്ക് താഴേക്കു പോയത്.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി. ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. രാജ്യാന്തരതലത്തിൽ സ്വർണനിക്ഷേപ പദ്ധതികളിൽ ലാഭമെടുപ്പ് തകൃതിയായതാണ് ഇന്നത്തെ വിലയിടിവിന് മുഖ്യകാരണം. രാജ്യാന്തര സ്വർണവില കഴിഞ്ഞദിവസം 3,166.99 ഡോളർ എന്ന സർവകാല റിക്കാർഡിൽ എത്തിയെങ്കിലും വ്യാഴാഴ്ച 3,050 ഡോളറിലേക്ക് തകർന്നിരുന്നു. പിന്നീട് 3,098 ഡോളറിലേക്ക് മെച്ചപ്പെട്ടു.

അതേസമയം, വെള്ളിവിലയും താഴേക്കിറങ്ങി. ഗ്രാമിന് നാലു രൂപ താഴ്ന്ന് 106 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

# വഖഫ് ഭേദഗതി ബിൽ; മുനമ്പത്ത് ആഹ്ലാദ പ്രകടനം

കൊച്ചി: വഖഫ് ഭേദഗതി ബിൽ രാജ്യസഭയിലും പാസായതോടെ മുനമ്പത്ത് സമരക്കാരുടെ ആഹ്ലാദ പ്രകടനം. പടക്കം പൊട്ടിച്ചും പ്രകടനം നടത്തിയുമാണ് സമരക്കാർ ബില്ല് രാജ്യസഭ കടന്നത് ആഘോഷിച്ചത്.

കേന്ദ്ര സർക്കാരിനെ പിന്തുണച്ച് സമരം ചെയ്യുന്നവർ പ്രകടനം നടത്തി. റവന്യു അവകാശങ്ങൾ പുനസ്ഥാപിക്കുന്നത് വരെ സമരം തുടരുമെന്നും മുനമ്പം സമര സമിതി അറിയിച്ചു.

മണിക്കൂറുകൾ നീണ്ട ചർച്ചയ്ക്കൊടുവിലാണ് രാജ്യസഭയിലും 'വഖഫ് ഭേദഗതി ബിൽ -2025'പാസായത്. 128 പേരാണ് രാജ്യസഭയിൽ ബില്ലിനെ പിന്തുണച്ചത്. 95 പേർ ബില്ലിനെ എതിർത്തു.

പ്രതിപക്ഷം നിർദേശിച്ച ഭേദഗതി ശബ്ദവോട്ടോടെ തള്ളി. ഇനി രാഷ്ട്രപതിയുടെ അംഗീകാരം കൂടി ലഭിച്ചാൽ ബിൽ നിയമമായി മാറും. രാഷ്ട്രതി അംഗീകാരം നൽകുന്നതോടെ നിയമത്തിന്റെ പേര് 'ഏകീകൃത വഖഫ് മാനേജ്മെൻറ്, എംപവർമെൻറ്, എഫിഷ്യൻസി ആൻഡ് ഡെവലപ്മെൻറ് ആക്ട് 1995'എന്നായി മാറും.

വഖഫ് ഭേദഗതി ബിൽ ലോക്സഭയിലും പാസാക്കിയിരുന്നു. പ്രതിപക്ഷ പ്രതിഷേധത്തിനിടെയാണ് വഖഫ് ബോർഡുകളുടെയും വഖഫ് കൗൺസിലുകളുടെയും അടിസ്ഥാനരൂപം പൊളിച്ചെഴുതുന്ന 'വഖഫ് ഭേദഗതി ബിൽ -2025' ലോക്സഭയിൽ പാസായത്.

ബില്ലിന്മേൽ എട്ടു മണിക്കൂർ ചർച്ചയ്ക്കാണു കേന്ദ്രസർക്കാർ അനുമതി നൽകിയിരുന്നതെങ്കിലും 12 മണിക്കൂറോളം നീണ്ട ചർച്ചയ്ക്കൊടുവിലാണ് ബിൽ പാസാക്കിയത്. ലോക്സഭയിൽ ബുധനാഴ്ച ഉച്ചയ്ക്ക് 12ന് ആരംഭിച്ച ചർച്ച രാത്രി വൈകിയും നീണ്ടു.

# കൈക്കൂലി കേസിൽ പിടിയിലായ തഹസിൽദാറെ സസ്പെൻഡ് ചെയ്തു

കണ്ണൂർ: കൈക്കൂലി കേസിൽ പിടിയിലായ തഹസിൽദാറെ സസ്പെൻഡ് ചെയ്തു. കണ്ണൂർ തഹസിൽദാർ സുരേഷ് ചന്ദ്രബോസിനെയാണ് സസ്പെൻഡ് ചെയ്തത്.

പടക്കക്കടയുടെ ലൈസൻസ് പുതുക്കി നൽകുന്നതിനാണ് ഇയാൾ 1000 രൂപ കൈക്കൂലി വാങ്ങിയത്. വിജിലൻസ് അറസ്റ്റ് ചെയ്ത സുരേഷ് ചന്ദ്രബോസിനെ റിമാൻഡ് ചെയ്തിരുന്നു. നേരത്തെ വില്ലേജ് ഓഫീസറായിരിക്കെ കൈക്കൂലിക്കേസിൽ ഇയാളെ വിജിലൻസ് പിടികൂടിയിരുന്നു. എന്നാൽ തെളിവുകളുടെ അഭാവത്തിൽ വെറുതെ വിടുകയായിരുന്നു. വിരമിക്കാൻ മാസങ്ങൾ മാത്രം ബാക്കി നിൽക്കെയാണ് ഇപ്പോൾ കൈക്കൂലിക്കേസിൽ സുരേഷ് ചന്ദ്രബോസ് വിജിലൻസിന്റെ പിടിയിലാകുന്നത്.

എം. എം. മണിയുടെ ആരോഗ്യനില മെച്ചപ്പെട്ടു; ചികിത്സയിൽ തുടരും

# തീയതി നീട്ടി

2024-26 വർഷത്തിൽ സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് നലവിൽ സർക്കാർ അക്രഡിറ്റേഷൻ ഉണ്ടായിരുന്ന ഏജൻസികളും പുതുതായി അക്രഡിറ്റേഷൻ ആവശ്യമുള്ള ഏജൻസികളും അപേക്ഷ സമർപ്പിക്കേണ്ട തീയതി ഏപ്രിൽ 15 ലേക്ക് നീട്ടി.അപേക്ഷകൾ 15 ന് വൈകിട്ട് 5 മണിക്ക് മുൻപായി അഡീഷണൽ സെക്രട്ടറി, ധനകാര്യ ഇൻഡസ്ട്രീസ് ആൻഡ് പബ്ലിക് വർക്സ് വകുപ്പ്, ധനകാര്യ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം വിലാസത്തിൽ ലഭിക്കണം.

വിശദവിവരങ്ങൾക്ക്: indpwb@gmai.com, 0471-2518834, 2518318.

# വീണാ വിജയനെതിരായ എസ്എഫ്ഐഒ നടപടി രാഷ്ട്രീയപ്രേരിതം: കെ. കെ. ശൈലജ

മധുര: വീണാ വിജയനെതിരായ എസ്എഫ്ഐഒ നടപടി രാഷ്ട്രീയപ്രേരിതമെന്ന് സിപിഎം കേന്ദ്ര കമ്മിറ്റി അംഗം കെ. കെ. ശൈലജ. ഇതൊന്നും കോടതിയിൽ നിലനിൽക്കില്ലെന്ന് ശൈലജ പ്രതികരിച്ചു.

ആരോപണത്തിൽ കഴമ്പില്ലെന്ന് വിജിലൻസ് അന്വേഷണത്തിന് ശേഷം കോടതി പ്രഖ്യാപിച്ചതാണ്. പാർട്ടി കോൺഗ്രസ് നടക്കുന്ന സമയത്ത് സിപിഎമ്മിനെതിരേ എന്ത് ചെയ്യാൻ സാധിക്കുമെന്നാണ് ചിന്തിക്കുന്നതെന്നും അവർ പറഞ്ഞു. മാസപ്പടി കേസിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണ വിജയനെ പ്രതിചേർത്ത് എസ്എഫ്ഐഒ കുറ്റപത്രം സമർപ്പിച്ചിരുന്നു.

സേവനം ഒന്നും നൽകാതെ വീണാ വിജയൻ 2.70 കോടി കൈപ്പറ്റിയെന്നാണ് കണ്ടെത്തൽ. ഇതിന് പിന്നാലെ മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം രംഗത്തെത്തിയിരുന്നു. പണം ലഭിച്ചത് മുഖ്യമന്ത്രിയുടെ മകൾ എന്ന നിലയിലാണ്. അതിനാൽ ധാർമിക ഉത്തരവാദിത്തം ഏറ്റെടുത്ത് പിണറായി വിജയൻ മുഖ്യമന്ത്രി സ്ഥാനം രാജിവെക്കണമെന്നാണ് പ്രതിപക്ഷ നിലപാട്.

# അവധിക്കാല കോഴ്സ്

കൈമനത്തെ സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിന്റെ കീഴിൽ 5-ാം ക്ലാസ് മുതലുള്ള കുട്ടികൾക്കായി ആരംഭിച്ച അവധിക്കാല കോഴ്സായ കഠ ടകജ ന്റെ ഒഴിവുള്ള സീറ്റിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾക്ക് : 0471 2490670.

# അഭിമുഖം

എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റി മുഖേന ഫിസിഷ്യൻ അസിസ്റ്റന്റ് തസ്തികയിലേക്ക് താൽക്കാലിക നിയമനത്തിന് ഏപ്രിൽ 15 രാവിലെ 11 ന് അഭിമുഖം നടത്തും.

പ്രീഡിഗ്രിയിൽ (തത്തുല്യം) 50 ശതമാനം മാർക്ക് അല്ലെങ്കിൽ ശാസ്ത്ര വിഷയങ്ങളിൽ ബിഗ്രേഡും ബി.എസ്.സി ഫിസിഷ്യൻ അസിസ്റ്റന്റ് ഇൻ കാർഡിയോതോറാസിക് ആൻഡ് വാസ്കുലർ സർജറിയുമാണ് യോഗ്യത.

താൽപര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ, പകർപ്പ്, ബയോഡാറ്റ എന്നിവ സഹിതം സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0484-2386000.

# കിലെ ഐ എ എസ് അക്കാദമിയിൽ പരിശീലനം

കേരള സർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (കിലെ) അക്കാദമിക്ക് ഡിവിഷനായ കിലെ ഐ എ എസ് അക്കാഡമിയുടെ 2025-2026 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനായുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിൽ അംഗത്വമുള്ള തൊഴിലാളികളുടെ ആശ്രിതരിൽ ബിരുദദാരികൾ / അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്ക് ഒരു വർഷം ദൈർഘ്യമുള്ള യു.പി.എസ്.സി യുടെ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന കോഴ്സിന് അപേക്ഷിക്കാം.

ഈ കോഴ്സിന് പൊതുവിഭാഗ വിദ്യാർത്ഥികളുടെ ഫീസ് 50,000 രൂപയും ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ ആശ്രിതർക്ക് 50 ശതമാനം സബ്സിഡിയിൽ പകുതി നിരക്കായ 25,000 രൂപയുമാണ്. ജൂൺ ആദ്യവാരം ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട ലിങ്കും കോഴ്സ് സംബന്ധിച്ച കൂടുതൽ വിവരങ്ങളും www.kile.kerala.gov.in/kileiasacademy എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് : 8075768537, 0471-2479966.

# ട്രാവൽ ആന്റ് ടൂറിസം എംബിഎ കോഴ്സിൽ പ്രവേശനം

മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം) കോഴ്സിൽ ഏപ്രിൽ 9 രാവിലെ 10.30 ന് അഡ്മിഷൻ നടത്തുന്നു. അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടു കൂടിയ ഡിഗ്രിയും കെമാറ്റ് / സിമാറ്റ് / ക്യാറ്റ് യോഗ്യതയും ഉള്ളവർക്ക് പങ്കെടുക്കാം.

കേരള സർവകലാശാലയുടെയും എ.ഐ.സി.റ്റി.ഇയുടേയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവത്സര കോഴ്സിൽ ട്രാവൽ, ടൂർ ഓപ്പറേഷൻ, ഹോസ്പിറ്റാലിറ്റി, എയർപോർട്ട് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ സ്പെഷ്യലൈസേഷനും ജർമ്മൻ, ഫ്രഞ്ച് ഭാഷകൾ പഠിക്കാനും അവസരമുണ്ട്. വിജയിക്കുന്നവർക്ക് പ്ലേസ്മെന്റ് അവസരവും നൽകുന്നു. എസ്.സി./ എസ്.ടി. വിദ്യാർഥികൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സംവരണവും ആനുകൂല്യങ്ങളും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് : www.kittsedu.org, 9446529467 / 8129166616.

# മൂത്രം കുടിച്ചു ജീവിച്ചത് അഞ്ചുദിവസം; ഭൂകന്പത്തിന്റെ അഞ്ചാംദിനം രക്ഷപ്പെടൽ

യാങ്കോൺ: മ്യാൻമർ ഭൂകന്പമുണ്ടായി അഞ്ചാം ദിനം അധ്യാപകനെ കെട്ടിടാവശിഷ്ടങ്ങൾക്കടിയിൽനിന്നു രക്ഷപ്പെടുത്തി. സ്കൂൾ പാഠങ്ങളും സ്വന്തം മൂത്രവുമാണു തന്റെ ജീവൻ നിലനിർത്തിയതെന്നു നാല്പത്തേഴുകാരനായ ടിൻ മാവുംഗ് പറഞ്ഞു.

പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററായ ഇദ്ദേഹം പരിശീലന കോഴ്സിനായി ഭൂകന്പത്തിന്റെ പ്രഭവകേന്ദ്രമായ സാഗെയിംഗ് നഗരത്തിലെത്തിയതായിരുന്നു. ഭൂകന്പമുണ്ടാകുന്പോൾ ഇദ്ദേഹം ഹോട്ടലിലെ താഴത്തെ നിലയിലുള്ള മുറിയിലായിരുന്നു.

കെട്ടിടം കുലുങ്ങിത്തുടങ്ങിയപ്പോൾ സ്കൂളിൽ പഠിപ്പിച്ചിരുന്ന പാഠങ്ങൾ ഓർമവന്നു. അതു പ്രകാരം കിടയ്ക്കയ്ക്കടിയിൽ അഭയം തേടി. തൊട്ടു പിന്നാലെ ഹോട്ടൽ മുഴുവൻ ഇടിഞ്ഞു മുകളിലേക്കുവീണു.

ശരീരത്തിലെ ജലാംശം നഷ്ടപ്പെടുന്നുവെന്നു തോന്നിത്തുടങ്ങിയപ്പോൾ സ്വന്തം മൂത്രം കുടിച്ചു. കൂടെക്കൂടെ 'രക്ഷിക്കണേ' എന്നു വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.മേഖലയിൽ തെരച്ചിൽ നടത്തുന്ന മ്യാൻമർ റെഡ്ക്രോസ് ടീമാണു ബുധനാഴ്ച ടിൻ മാവുംഗിനെ കണ്ടെത്തിയത്. മൃതദേഹങ്ങൾ വീണ്ടെടുക്കുന്നതിനിടെ ആരെയെങ്കിലും ജീവനോടെ കണ്ടെത്തുന്ന പ്രതീക്ഷ തെരച്ചിൽ സംഘത്തിനില്ലായിരുന്നു. ടിൻ മാവുംഗിനു ജീവനുണ്ടെന്നു തിരിച്ചറിഞ്ഞപ്പോൾ രക്ഷാപ്രവർത്തകർക്കും വലിയ സന്തോഷമായി. ഇദ്ദേഹത്തെ സാഗെയിംഗിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

ജീവനോടെ രക്ഷപ്പെട്ടതിൽ ടിൻ മാവുംഗ് വലിയ സന്തോഷവാനാണ്. വീണ്ടും സ്കൂളിൽ പഠിപ്പിക്കാൻ പോകണമെന്ന ആഗ്രഹം അദ്ദേഹം പ്രകടിപ്പിച്ചു. ചിലപ്പോൾ ബുദ്ധസന്യാസി ആയേക്കാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഗാസയിലെ ഭൂമി പിടിച്ചെടുക്കും; സൈനിക നടപടി വ്യാപിപ്പിക്കുന്നു

ടെൽ അവീവ്: ഇസ്രേലി സേന ഗാസയിൽ സൈനിക നടപടി വിപുലമാക്കുമെന്നും സുരക്ഷാ ബഫർസോണുകൾ സ്ഥാപിക്കാനായി വൻതോതിൽ ഭൂമി പിടിച്ചെടുക്കുമെന്നും പ്രതിരോധമന്ത്രി ഇസ്രയേൽ കാറ്റ്സ് അറിയിച്ചു.

തീവ്രവാദികളെയും അവരുടെ കേന്ദ്രങ്ങളെയും നശിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള വിപുലമായ സൈനികനടപടിയുടെ ഭാഗമായി ഗാസാ നിവാസികളെ വൻതോതിൽ ഒഴിപ്പിച്ചുമാറ്റേണ്ടിവരും.

ഇസ്രേലി സേനയും തീവ്രവാദികളും തമ്മിൽ ഏറ്റുമുട്ടലുണ്ടാകുന്ന മേഖലകളിൽനിന്ന് ആളുകളെ ഒഴിപ്പിക്കും. ഗാസാ നിവാസികൾ ഹമാസിനെ ഉന്മൂലനം ചെയ്ത് ഇസ്രേലി ബന്ദികളെ മോചിപ്പിച്ചാൽ യുദ്ധം അവസാനിക്കുമെന്നും കാറ്റ്സ് കൂട്ടിച്ചേർത്തു.

ഈജിപ്ഷ്യൻ അതിർത്തിയോടു ചേർന്ന റാഫ പ്രദേശത്തുനിന്നു ഗാസാ നിവാസികളെ ഒഴിപ്പിച്ചുമാറ്റുന്നതിനിടെയാണ് ഇസ്രേലി മന്ത്രി ഇക്കാര്യം അറിയിച്ചത്. എത്രമാത്രം ഭൂമി പിടിച്ചെടുക്കുമെന്നോ ഇതു സ്ഥിരമായിരിക്കുമെന്നോ ഇസ്രേലി മന്ത്രി വ്യക്തമാക്കിയിട്ടില്ല.

ഗാസാ അതിർത്തിയോടു ചേർന്ന് സുരക്ഷാ ബഫർസോണുകൾ സ്ഥാപിക്കാനെന്ന പേരിൽ ഇസ്രേലി സേന നിലവിൽ വൻതോതിൽ ഭൂമി കൈയേറിയിട്ടുണ്ട്. ഗാസയുടെ 17 ശതമാനം വരുന്ന 62 ചതുരശ്ര കിലോമീറ്റർപ്രദേശം ഇസ്രേലി സേനയുടെ നിയന്ത്രണത്തിലാണ്.

ഇതിനിടെ, ഇസ്രേലി സേന ഗാസയിൽ വൻതോതിൽ വ്യോമാക്രമണം നടത്തുന്നുണ്ട്. റാഫ പ്രദേശത്ത് കഴിഞ്ഞദിവസം രാത്രി 15 പേർ കൊല്ലപ്പെട്ടു. ഗാസയിൽ മൊത്തം കൊല്ലപ്പെട്ടവരുടെ എണ്ണം 50, 399 ആണ്.

ഇസ്രേലി സേന ആക്രമണം പുനരാരംഭിച്ചശേഷം ഗാസയിൽ 322 കുട്ടികൾ കൊല്ലപ്പെട്ടതായി യൂണിസെഫ് അറിയിച്ചു. രണ്ടാഴ്ചയ്ക്കിടെയാണ് ഇത്രയും കുട്ടികൾ മരിച്ചത്.

ഇതേ കാലയളവിൽ 609 കുട്ടികൾക്കു പരിക്കേൽക്കുകയുമുണ്ടായി. ഗാസയിൽ വിവേചനമില്ലാതെ നിരന്തരം ബോംബ് വർഷിക്കുകയാണെന്നും യൂണിസെഫ് ആരോപിച്ചു. ഇസ്രയേൽ സഹായം തടഞ്ഞിരിക്കുന്നതു മൂലം ഗാസയിൽ പട്ടിണിയും രോഗങ്ങളുമുണ്ടാകാമെന്നും സംഘടന മുന്നറിയിപ്പു നല്കി.

ഹമാസ് വെടിനിർത്തൽ നീട്ടാൻ മടിക്കുന്നുവെന്നാരോപിച്ച് മാർച്ച് 18നാണ് ഇസ്രേലി സേന ആക്രമണം പുനരാരംഭിച്ചത്. 18 മാസം മുന്പ് യുദ്ധം ആരംഭിച്ചശേഷം ഗാസയിൽ 15,000 കുട്ടികൾ കൊല്ലപ്പെടുകയും 34,000 കുട്ടികൾക്കു പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

# ബംഗളൂരുവിൽ ബിഹാർ സ്വദേശിനിയെ പീഡിപ്പിച്ചു; പ്രതികൾ അറസ്റ്റിൽ

ബംഗളൂരു: കർണാടകയിൽ ബിഹാർ സ്വദേശിനിയായ 19കാരിക്ക് പീഡനം. സംഭവത്തിൽ രണ്ടുപേരെ പോലീസ് അറസ്റ്റ്ചെയ്തു. ബംഗുളൂരുവിലെ കെആർ പുരം റെയിൽവേ സ്റ്റേഷന് സമീപമാണ് സംഭവം.

എറണാകുളത്ത് നിന്നും ബംഗളൂരുവിലെത്തിയതിന് പിന്നാലെയാണ് പെൺകുട്ടി ആക്രമിക്കപ്പെട്ടത്. ഒരു പരിശീലന പരിപാടി പൂർത്തിയാക്കി വീട്ടിലേക്ക് മടങ്ങിപോകുകയായിരുന്നു കുട്ടി. പെൺകുട്ടിയെ കൂട്ടിക്കൊണ്ടുപോകാൻ ഇവിടേക്ക് സഹോദരനും എത്തിയിരുന്നു.

പുലർച്ചെ 1.10 ഓടെ കുട്ടി കെആർ പുരം റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി. തുടർന്ന് പെൺകുട്ടിയും സഹോദരനും ഭക്ഷണം കഴിക്കാനായി മഹാദേവപുരയിലെ ഒരു റെസ്റ്റോറൻറിലേക്ക് പോയി.

പിന്തുടർന്നെത്തിയ രണ്ട് പേർ ഇവരെ ആക്രമിക്കുകയും പെൺകുട്ടിയെ ആളൊഴിഞ്ഞ സ്ഥലത്തെത്തിച്ച് പീഡിപ്പിക്കുകയുമായിരുന്നുവെന്ന് മുതിർന്ന പോലീസ് ഉദ്യോഗസ്ഥനായ ശിവകുമാർ പറഞ്ഞു.

കരച്ചിൽകേട്ടെത്തിയ പ്രദേശവാസികളാണ് പെൺകുട്ടിയെ രക്ഷപെടുത്തിയത്. കൂടാതെ പ്രതികളിലൊരാളെ പിടികൂടുകയും പോലീസിന് കൈമാറുകയും ചെയ്തു. രണ്ടാമത്തെ പ്രതിയെയും പോലീസ് പിടികൂടി.

പ്രതികൾ മുലബാഗിലുവിൽ നിന്നുള്ളവരാണെന്നും ഇവിടെ ഓട്ടോ ഡ്രൈവർമാരായി ജോലി ചെയ്യുന്നുണ്ടെന്നും പോലീസ് പറഞ്ഞു. കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും കൂടുതൽ അന്വേഷണം പുരോഗമിക്കുകയാണെന്നും പോലീസ് പറഞ്ഞു.

ബലാത്സംഗം, നിർബന്ധിത തടങ്കലിൽ വയ്ക്കൽ, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ കുറ്റങ്ങളാണ് പ്രതികൾക്കെതിരെ ചുമത്തിയിരിക്കുന്നത്.

# വഖഫ് ബില്ലിനെ നേരിടാൻ കോൺഗ്രസ് സുപ്രീംകോടതിയിലേക്ക്

ന്യൂഡൽഹി: വഖഫ് ഭേദഗതി ബില്ലിനെ ചോദ്യം ചെയ്ത് കോൺഗ്രസ് സുപ്രീംകോടതിയെ സമീപിക്കും. ഭരണഘടനാ വിരുദ്ധമായ ബില്ലിനെ നിയമപരമായി നേരിടുമെന്നും ഉടൻ തന്നെ നിയമഭേദഗതിക്കെതിരെ സുപ്രീം കോടതിയിൽ ഹർജി സമർപ്പിക്കുമെന്നും എഐസിസി ജനറൽ സെക്രട്ടറി ജയ്റാം രമേശ് എക്സിൽ കുറിച്ചു.

'ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെട്ടിട്ടുള്ള തത്വങ്ങൾ, വ്യവസ്ഥകൾ, സമ്പ്രദായങ്ങൾ എന്നിവയ്ക്കെതിരായ മോദി സർക്കാരിന്റെ എല്ലാ ആക്രമണങ്ങളെയും ഞങ്ങൾ ആത്മവിശ്വാസത്തോടെ ചെറുത്തുനിൽക്കും'- അദ്ദേഹം പറഞ്ഞു. വഖഫ് ബില്ലിനെ ചോദ്യം ചെയ്ത് കോടതിയെ സമീപിക്കുമെന്ന് ഡിഎംകെയും പ്രഖ്യാപിച്ചിട്ടുണ്ട്. ഡിഎംകെയും മുസ്‌ലീം ലീഗും അടുത്ത ആഴ്ച സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്യുമെന്നാണ് സൂചന.

വഖഫ് നിയമ ഭേദഗതിക്കെതിരെ സുപ്രീംകോടതിയെ സമീപിക്കാൻ തമിഴ്നാട് സർക്കാർ നിയമോപദേശം തേടിയിട്ടുണ്ട്. ഭരണഘടന വിദഗ്ധരിൽ നിന്ന് ലഭിക്കുന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാകും ഡിഎംകെ സർക്കാർ തുടർ നടപടികൾ സ്വീകരിക്കുക.

# ഇറാനെതിരേ യുദ്ധം വേണ്ടിവരുമെന്ന് ഫ്രാൻസ്

പാരീസ്: ആണവകരാർ ഉണ്ടാക്കാനുള്ള നയതന്ത്ര നീക്കങ്ങൾ പരാജയപ്പെട്ടാൽ ഇറാനെതിരേ സൈനികനടപടി വേണ്ടിവരുമെന്നു ഫ്രാൻസ്. അതേസമയം, നയതന്ത്ര പരിഹാരത്തിനുള്ള സാധ്യത മങ്ങുകയാണെന്നും ഫ്രഞ്ച് വിദേശകാര്യ മന്ത്രി ഷോൺ നോയൽ ബാരറ്റ് പറഞ്ഞു.

ഇറേനിയൻ വിഷയത്തിൽ ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മക്രോണിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

2015ൽ ഇറാനുമായി ഉണ്ടാക്കിയ ആണവകരാർ ഈ വർഷം ഒക്ടോബറിൽ അവസാനിക്കുമെന്നും അതിനു മുന്പ് കരാർ പുതുക്കാനുള്ള നീക്കങ്ങളാണു നടക്കുന്നതെന്നും മന്ത്രി വിശദീകരിച്ചു. ഇറാൻ അണ്വായുധം സ്വന്തമാക്കുന്നത് അനുവദിക്കാനാവില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആണവകരാർ വിഷയത്തിൽ ചർച്ചയ്ക്കു തയാറായില്ലെങ്കിൽ ഇറാനെതിരേ ബോംബാക്രമണം നടത്തുമെന്ന് യുഎസ് പ്രസിഡൻറ് ട്രംപ് നേരത്തേ ഭീഷണി മുഴക്കിയിരുന്നു.

ഇതിനിടെ, ഇറാനെതിരേ സൈനികഭീഷണി മുഴക്കുന്നത് അംഗീകരിക്കാനാവില്ലെന്ന് റഷ്യ ഇന്നലെ പറഞ്ഞു. ഇറാന്റെ ആണവകേന്ദ്രങ്ങളിൽ ബോംബിട്ടാൽ പ്രത്യാഘാതം ഗുരുതരമായിരിക്കുമെന്നും സമാധാന ആവശ്യങ്ങൾക്കായി അണുശക്തി ഉപയോഗപ്പെടുത്താനുള്ള ഇറാന്റെ അവകാശത്തെ റഷ്യ മാനിക്കുന്നതായും വിദേശകാര്യ മന്ത്രാലയം വക്താവ് മരിയ സാക്കറോവ കൂട്ടിച്ചേർത്തു.

# പലസ്തീൻ യുവാവിനെ ഹമാസ് ഭീകരർ ക്രൂരമായി കൊലപ്പെടുത്തി

ജറുസലേം: തങ്ങളെ വിമർശിക്കുകയും തങ്ങൾക്കെതിരായ പ്രതിഷേധപ്രകടനത്തിൽ പങ്കെടുക്കുകയും ചെയ്ത പലസ്തീൻ യുവാവിനെ ഹമാസ് ഭീകരർ അതിക്രൂരമായി കൊലപ്പെടുത്തി. ഉഡായ് റാബി (20) എന്നയാളാണു കൊല്ലപ്പെട്ടത്.

ഹമാസിന്റെ മിലിട്ടറി വിഭാഗമായ അൽ -ഖാസാം ബ്രിഗേഡ്സിൽപ്പെട്ട സായുധരായ പോരാളികൾ കഴിഞ്ഞയാഴ്ച വീട്ടിലെത്തി ഉഡായിനെ ഗാസാ സിറ്റിയിലെ പ്രാന്തപ്രദേശമായ താൽ അൽ-ഹാവായിലേക്ക് തട്ടിക്കൊണ്ടുപോകുകയായിരുന്നുവെന്ന് സഹോദരൻ ഹസൻ റാബി പറഞ്ഞു. ഉഡായ് റാബിയെ കാണിച്ചുതരാമെന്നു കഴിഞ്ഞ ദിവസം ഭീകരർ പറഞ്ഞതനുസരിച്ച് എത്തിയപ്പോൾ അർധനഗ്നനായി ദേഹമാസകലം മുറിവുകളേറ്റ് മരിച്ചു കിടക്കുന്ന നിലയിലാണു കാണാനായതെന്നും ഹസൻ പറഞ്ഞു.

ദേഹം കയറുകൊണ്ട് ബന്ധിച്ചിരുന്നു. ക്രൂരമായി മർദിച്ചശേഷം കയറുകൊണ്ട് കെട്ടി റോഡിലൂടെ ആളുകൾ കാൺകേ വലച്ചിഴയ്ക്കുകയും ചെയ്തു. തങ്ങളെ വിമർശിച്ചാൽ ഇതായിരിക്കും മറുപടിയെന്ന് ഭീഷണി മുഴക്കിയെന്നും ഹസൻ റാബി പറഞ്ഞു.

ഒരു മാസം മുന്പ് സഹോദരനും ഹമാസ് ഭീകരരും തമ്മിൽ പരസ്യമായ വാക്കുതർക്കം ഉണ്ടായെന്നും ഹമാസിന്റെ ചെയ്തികളെ സഹോദരൻ പരസ്യമായി വിമർശിച്ചിരുന്നുവെന്നും ഹസൻ റാബി കൂട്ടിച്ചേർത്തു. കഴിഞ്ഞയാഴ്ച ഹമാസിനെതിരേ നടന്ന പ്രകടനത്തിൽ ഉഡായ് റാബിയും മുൻനിരയിലുണ്ടായിരുന്നു.

# മാസപ്പടിക്കേസിൽ അന്വേഷിക്കാൻ ഒന്നുമില്ല; മുഖ്യമന്ത്രിക്ക് ക്ലീൻ ചിറ്റ് കിട്ടിയതാണെന്ന് പി. രാജീവ്

മധുര: മാസപ്പടിക്കേസിൽ അന്വേഷിക്കാൻ ഒന്നുമില്ലെന്ന് മന്ത്രി പി. രാജീവ്. നാല് കോടതികൾ ഇക്കാര്യം വ്യക്തമാക്കിയതാണെന്ന് മന്ത്രി പ്രതികരിച്ചു.മുഖ്യമന്ത്രിക്ക് കോടതിയുടെ ക്ലീൻ ചിറ്റ് ലഭിച്ചതാണ്. ഇപ്പോഴത്തെ അന്വേഷണത്തിലെ രാഷ്ട്രീയം വ്യക്തമാണെന്നും മന്ത്രി പറഞ്ഞു. മാസപ്പടി കേസിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണ വിജയനെ പ്രതിച്ചേർത്ത് എസ്എഫ്ഐഒ കുറ്റപത്രം സമർപ്പിച്ചിരുന്നു. സേവനം ഒന്നും നൽകാതെ വീണാ വിജയൻ 2.70 കോടി കൈപ്പറ്റിയെന്നാണ് കണ്ടെത്തൽ. ഇതിന് പിന്നാലെ മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം രംഗത്തെത്തിയിരുന്നു. പണം ലഭിച്ചത് മുഖ്യമന്ത്രിയുടെ മകൾ എന്ന നിലയിലാണ്. അതിനാൽ ധാർമിക ഉത്തരവാദിത്തം ഏറ്റെടുത്ത് പിണറായി വിജയൻ മുഖ്യമന്ത്രി സ്ഥാനം രാജിവെക്കണമെന്നാണ് പ്രതിപക്ഷ നിലപാട്.

# ഐപിഎൽ: സൺറൈസേഴ്സ് ഹൈദരാബാദിനെ തകർത്ത് കോൽത്തത്ത നൈറ്റ് റൈഡേഴ്സ്

കോൽക്കത്ത: ഐപിഎല്ലിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ കോൽത്തത്ത നൈറ്റ് റൈഡേഴ്സിന് തകർപ്പൻ ജയം. 80 റൺസിനാണ് കോൽക്കത്ത വിജയിച്ചത്. കോൽക്കത്ത ഉയർത്തിയ 201 റൺസ് പിന്തുടർന്ന സൺറൈസേഴ്സിന് 120 റൺസെടുക്കാനെ സാധിച്ചുള്ളു. 120 റൺസിൽ സൺറൈസേഴ്സ് ഓൾഔട്ടാകുകയായിരുന്നു. 33 റൺസെടുത്ത ഹെൻറിച്ച് ക്ലാസനാണ് സൺറൈസേഴ്സിന്റെ ടോപ് സ്കോറർ. കമിന്ദു മെൻഡിസ് 27 റൺസെടുത്തു. മറ്റാർക്കും ഹൈദരാബാദ് ബാറ്റിംഗ് നിരയിൽ തിളങ്ങാനായില്ല.

കോൽക്കത്തയ്ക്ക് വേണ്ടി മൂന്ന് വിക്കറ്റ് വീതമെടുത്ത വൈഭവ് അറോറയും വരുൺ ചക്രവർത്തിയുമാണ് ഹൈദരാബാദ് ബാറ്റിംഗ് നിരയെ തകർത്തത്. ആൻഡ്രെ റസൽ രണ്ടും ഹർഷിത് റാണയും സുനിൽ നരെയ്നും ഓരോ വിക്കറ്റും വീഴ്ത്തി. നേരത്തെ ആദ്യം ബാറ്റ് ചെയ്ത കോൽക്കത്ത 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിലാണ് 200 റൺസ് എടുത്തത്. വെങ്കടേഷ് അയ്യരുടേയും അങ്ക്രിഷ് രഘുവംശിയുടേയും അർധ സെഞ്ചുറിയുടെ മികവിലാണ് കെകെആർ മികച്ച സ്കോറിൽ എത്തിയത്. വെങ്കടേഷ് 60 റൺസെടുത്തപ്പോൾ രഘുവംശി 50 റൺസാണ് സ്കോർ ചെയ്തത്.

നായകൻ അജിൻക്യ രഹാനെ 38 റൺസെടുത്തു. റിങ്കു സിംഗ് 32 റൺസുമായി പുറത്താകാതെ നിന്നു. സൺറൈസേഴ്സിന് വേണ്ടി മുഹമ്മദ് ഷമി, പാറ്റ് കമ്മിൻസ്, സീഷാൻ അൻസാരി, ഹർഷൽ പട്ടേൽ, കമിന്ദു മെൻഡിസ് എന്നിവർ ഓരോ വിക്കറ്റ് വീതം വീഴ്ത്തി. സീസണിലെ കോൽക്കത്ത നൈറ്റ് റൈഡേഴ്സിന്റെ രണ്ടാം ജയമാണിത്. നാല് മത്സരങ്ങളിൽ നിന്ന് നാല് പോയിൻറായ കോൽക്കത്ത പോയിൻറ് ടേബിളിൽ അഞ്ചാം സ്ഥാനത്തെത്തി.

# നവദമ്പതികളെ തട്ടിക്കൊണ്ടുപോയി; ഭർത്താവിന്റെ മുന്നിലിട്ട് യുവതിയെ പീഡിപ്പിച്ചു: പ്രതികൾക്ക് ജീവപര്യന്തം ശിക്ഷ

ഭോപ്പാൽ: ഭർത്താവിനൊപ്പം യാത്ര ചെയ്യുകയായിരുന്ന നവവധുവിനെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസിൽ എട്ട് പേർക്ക് ജീവപര്യന്തം തടവുശിക്ഷ. മധ്യപ്രദേശിലെ രേവയിലെ കോടതിയാണ് വിധി പറഞ്ഞത്. പ്രതികൾക്ക് 2,30, 000 രൂപ പിഴയും കോടതി വിധിച്ചു. രാംകിഷൻ, ഗരുഡ് കോറി, രാകേഷ് ഗുപ്ത, സുശീൽ കോറി, രജനീഷ് കോറി, ദീപക് കോറി, രാജേന്ദ്ര കോറി, ലവ്കുഷ് കോറി എന്നീ എട്ട് പ്രതികളെയാണ് നാലാം അഡീഷണൽ സെഷൻസ് ജഡ്ജി പത്മ ജാതവ് കുറ്റക്കാരെന്ന് വിധിച്ചത്. പ്രതികൾക്ക് മരണം വരെ ജയിൽ ശിക്ഷ വിധിച്ചതായി പബ്ലിക് പ്രോസിക്യൂട്ടർ വികാസ് ദ്വിവേദി പിടിഐയോട് പറഞ്ഞു. രേഖകൾ, തെളിവുകൾ, സാക്ഷിമൊഴികൾ എന്നിവ പരിശോധിച്ച ശേഷം, എട്ട് കുറ്റവാളികളും ജീവിതകാലം മുഴുവൻ ജയിലിൽ തുടരുമെന്ന് കോടതി വിധിച്ചു.

2024 ഒക്ടോബർ 21ന് ഗുഡ് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ഒരു പ്രദേശത്താണ് സംഭവം നടന്നത്. പ്രതികൾ നവദമ്പതികളെ തട്ടിക്കൊണ്ടുപോയി. തുടർന്ന് പ്രതികളിൽ ആറ് പേർ ഭർത്താവിന്റെ മുന്നിൽ വച്ച് യുവതിയെ പീഡിപ്പിക്കുകയായിരുന്നുവെന്ന് പ്രോസിക്യൂഷൻ പറഞ്ഞു.

പ്രതികൾ 19 നും 20 നും ഇടയിൽ പ്രായമുള്ളവരാണെന്നും സംഭവം നടക്കുമ്പോൾ ഒരു കോളജിൽ പഠിക്കുകയായിരുന്നുവെന്നും പോലീസ് നേരത്തെ പറഞ്ഞിരുന്നു.

## ബോളിവുഡ് നടൻ മനോജ് കുമാർ അന്തരിച്ചു

മുംബൈ: ബോളിവുഡ് നടൻ മനോജ് കുമാർ (87) അന്തരിച്ചു. ഹൃദയസംബന്ധമായ അസുഖത്തെത്തുടർന്ന് ചികിത്സയിലായിരുന്നു. മുംബൈയിലെ കോകിലബെൻ ധീരുഭായ് അംബാനി ആശുപത്രിയിൽ വെള്ളിയാഴ്ചയായിരുന്നു അന്ത്യം. ദേശഭക്തി ചിത്രങ്ങളിലൂടെ പ്രശസ്തനാണ് മനോജ്. അതിനാൽ 'ഭരത് കുമാർ' എന്നായിരുന്നു അദ്ദേഹത്തെ വിളിച്ചിരുന്നത്. സംവിധായകൻ, തിരക്കഥാകൃത്ത്, എഡിറ്റർ എന്നീ നിലകളിലും അദ്ദേഹം ശ്രദ്ധ നേടി. പുരബ് ഔർ പശ്ചിമ്, ക്രാന്തി, റോട്ടി, കപട ഔർ മകാൻ തുടങ്ങി നിരവധി ഹിറ്റ് ചിത്രങ്ങളുടെ ഭാഗമായി. ദേശീയ ചലച്ചിത്ര പുരസ്കാരത്തിന് പുറമേ ഏഴ് ഫിലിം ഫെയർ പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഇന്ത്യൻ സിനിമയ്ക്ക് നൽകിയ സംഭാവനകൾ പരിഗണിച്ച് 1992ൽ പത്മശ്രീയും 2015ൽ ദാദാസാഹിബ് ഫാൽക്കെ അവാർഡും നൽകി

# വഖഫ് നിയമത്തിലെ കിരാതമായ കാര്യങ്ങളാണ് അവസാനിപ്പിച്ചത്: സുരേഷ് ഗോപി

ന്യൂഡൽഹി: സാമൂഹിക-സാമ്പത്തികനീതി, സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന് വഖഫ് ബിൽ നിർണായകമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഏറെ കാലമായി പിന്നോക്കം നിൽക്കുന്നവരെ ബിൽ സഹായിക്കുമെന്നും പ്രധാനമന്ത്രി എക്സിൽ കുറിച്ചു. പാർലമെൻററി കമ്മിറ്റി ചർച്ചകളിൽ പങ്കെടുത്ത് നിയമനിർമാണം ശക്തിപ്പെടുത്തുന്നതിന് സംഭാവനകൾ നൽകിയ എല്ലാ പാർലമെൻറ് അംഗങ്ങൾക്കും പ്രധാനമന്ത്രി നന്ദി അറിയിച്ചു. പാർലമെൻററി കമ്മിറ്റിക്ക് വിലപ്പെട്ട അഭിപ്രായങ്ങൾ നൽകിയവർക്കും നന്ദി അറിയിച്ചു. വഖഫ് നിയമഭേദഗതി ബിൽ സുതാര്യത വർധിപ്പിക്കുകയും ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. പതിറ്റാണ്ടുകളായി വഖഫ് സമ്പ്രദായം സുതാര്യതയുടെയും ഉത്തരവാദിത്വത്തിന്റെയും അഭാവത്തിൽ ആയിരുന്നു. മുസ്‌ലീം സ്ത്രീകൾളുടെയും ദരിദ്രരായ മുസ്‌ലീങ്ങളുടെയും താല്പര്യങ്ങൾക്ക് അത് ദോഷം ചെയ്തു.

ഓരോ പൗരന്റെയും അന്തസിന് മുൻഗണന നൽകുന്നതിൽ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇങ്ങനെയാണ് നമ്മൾ കൂടുതൽ ശക്തമായ ഒരു ഇന്ത്യയെ കെട്ടിപ്പടുക്കുന്നതെന്ന് അദേഹം എക്സ് പോസ്റ്റിൽ വ്യക്തമാക്കി.

# മെഡിക്കൽ എമർജൻസി; തുർക്കിയിൽ അടിയന്തര ലാൻഡിംഗ് നടത്തി വിർജിൻ അറ്റ്ലാൻറിക് വിമാനം

അങ്കാറ: ലണ്ടനിൽ നിന്ന് മുംബൈയിലേക്ക് പോവുകയായിരുന്ന വിമാനം തുർക്കിയിൽ അടിയന്തര ലാൻഡിംഗ് നടത്തി. 200ലധികം ഇന്ത്യക്കാർ 20 മണിക്കൂറായി വിമാനത്താവളത്തിൽ കുടുങ്ങിക്കിടക്കുകയാണ്വിർജിൻ അറ്റ്ലാൻറിക് വിമാനമാണ് ഡിയാർബക്കിർ വിമാനത്താവളത്തിൽ ലാൻഡ് ചെയ്തത്. മെഡിക്കൽ എമർജൻസി കാരണമാണ് വിഎസ് 358 എന്ന വിമാനം അടിയന്തര ലാൻഡിംഗ് നടത്തിയത്.

ഒരു യാത്രക്കാരന് പാനിക് അറ്റാക്ക് സംഭവിച്ചതോടെയാണ് വിമാനം ലാൻഡ് ചെയ്തത്. ലാൻഡ് ചെയ്യുന്നതിനിടെ വിമാനത്തിന് സാങ്കേതിക തകരാർ സംഭവിച്ചതായും റിപ്പോർട്ടുണ്ട്. വിമാന കമ്പനി ബദൽ ക്രമീകരണങ്ങൾ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ എപ്പോൾ യാത്ര പുനരാരംഭിക്കാൻ കഴിയും എന്നറിയാതെ യാത്രക്കാർ അനിശ്ചിതത്വത്തിലാണ്.

# കൊലപാതകശ്രമം; ഒളിവിൽപോയ യുവാവ് 20 വർഷത്തിനുശേഷം പിടിയിൽ

തിരുവനന്തപുരം: കുടുംബജീവിതം നയിച്ചുവന്ന കുപ്രസിദ്ധ ഗുണ്ടയെ നീണ്ട 20 വർഷത്തിനുശേഷം കർണാടകയിലെ മംഗലാപുരത്തുനിന്നു വഞ്ചിയൂർ പോലീസിന്റെ പ്രത്യേക സംഘം പിടികൂടി. ചാക്ക മാനവ നഗർ വയലിൽ വീട്ടിൽ ലാലു എന്നുവിളിക്കുന്ന സനൽകുമാർ (42) ആണ് പിടിയിലായത്. 2006-വരെ തിരുവനന്തപുരം ഉൾപ്പെടെ വിവിധ ജില്ലകളിൽ വധശ്രമം, മോഷണം ഉൾപ്പെടെയുള്ള കേസുകളിൽ ഏർപ്പെട്ടുവന്നയാളാണ് സനൽകുമാർ. വഞ്ചിയൂർ സ്വദേശി സുനിൽകുമാറിനെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതിയാണ് ഇയാൾ. സംഭവത്തിനുശേഷം ഒളിവിൽപ്പോയ ഇയാളെ പിന്നീട് പോലീസിന് പിടികൂടാൻ സാധിച്ചിരുന്നില്ല. അതിനിടെയാണ് സിറ്റി പോലീസ് കമ്മീഷണറുടെ നിർദേശപ്രകാരം അന്വേഷണം പുരോഗമിച്ചത്.

മംഗലാപുരത്ത് കർണാടകക്കാരിയായ ഭാര്യയും മൂന്നുമക്കളുമായി കഴിയുകയായിരുന്നു ലാലു. പോലീസ് വീട്ടിലെത്തുന്നതുവരെയും ലാലു ക്രിമിനൽക്കേസ് പ്രതിയാണെന്നു വീട്ടുകാർ അറിഞ്ഞിരുന്നില്ല. മംഗലാപുരത്ത് നാട്ടുകാർക്കിടയിൽ മുസ്തഫ എന്നപേരിലാണ് ഇയാൾ ജീവിച്ചുവന്നിരുന്നത്. ഓട്ടോ ഡ്രൈവറായി ജീവിതം നയിച്ചുവന്ന ലാലുവിനെക്കുറിച്ചു പ്രദേശവാസികൾക്ക് നല്ലതു മാത്രമാണ് പറയാനുണ്ടായിരുന്നത്. പിന്നീടാണ് അവരും വാസ്തവം അറിയുന്നത്. ശംഖുംമുഖം എസി അനുരൂപിന്റെ നിർദേശപ്രകാരം വഞ്ചിയൂർ സിഐഎച്ച്എസ്ഷാനിഫിന്റെ നേതൃത്വത്തിൽ എസ്ഐമാരായ അലക്സ്, ജോസ്, എസ്സിപിഒമാരായ ഷാബു, സജീവ്, സിപിഒമാരായ സുബിൻ, പ്രസാദ് എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്. ഇയാളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കുടുംബശ്രീ ഹരിതകർമ സേന മുന്നിട്ടിറങ്ങി മാലിന്യ കൂമ്പാരം ഷട്ടിൽ കോർട്ടായി



*മാലിന്യം നീക്കുന്ന ഹരിതകർമ സേനാംഗങ്ങൾ*




*മാലിന്യം കിടന്നിരുന്ന സ്ഥലം-ഹരിതകർമ സേന മുഖേന മാലിന്യം നീക്കം ചെയ്യുന്നതിനു മുമ്പും ശേഷവും*

തിരുവനന്തപുരം: മാലിന്യത്തിൻറെ വൻമലയെ കഠിനാധ്വാനവും നിരന്തര പരിശ്രമവും കൊണ്ട് ഷട്ടിൽ കോർട്ടായി മാറ്റിയെടുത്തതിൻറെ അഭിമാനത്തിലാണ് തൃശൂർ ജില്ലയിലെ കൊടകരയിലെ ഹരിതകർമ സേനാംഗങ്ങൾ. കൊടകരയിലെ മാർക്കറ്റിന് സമീപം ഏറെ കാലമായി ജനങ്ങളുടെ ആരോഗ്യത്തിന് ഭീഷണിയായിരുന്ന മാലിന്യകൂമ്പാരം നീക്കം ചെയ്ത് അവിടെ ഹരിതാഭ നിറച്ചത് കുടുംബശ്രീയുടെ പെൺകൂട്ടായ്മയാണ്. മാർക്കറ്റിൽ വർഷങ്ങളായി നിക്ഷേപിച്ചു കൊണ്ടിരുന്ന മാലിന്യത്തിൻറെ വൻമല പഞ്ചായത്തിൻറെ പിന്തുണയോടെ ഹരിത കർമ സേന നീക്കം ചെയ്തപ്പോൾ പ്രദേശ വാസികൾക്ക് ലഭിച്ചത് ചുറ്റിനും ഹരിതാഭ നിറഞ്ഞ ഷട്ടിൽ കോർട്ട്.

കൊടകര മാർക്കറ്റിനു സമീപത്തെ പ്രദേശ വാസികൾക്കും വ്യാപാര സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്കും നിരന്തരം ആരോഗ്യഭീഷണി ഉയർത്തിയിരുന്ന മാലിന്യമാണ് ഹരിത കർസേനാംഗങ്ങളുടെ ഇച്ഛാശക്തിയുടെ കരുത്തിൽ അപ്രത്യക്ഷമായത്. അഞ്ചു സെൻറ് സ്ഥലത്ത് വർഷങ്ങളായി നിക്ഷേപിച്ചു വന്നിരുന്ന ഒമ്പത് ടൺ മാലിന്യ കൂമ്പാരമാണ് ഹരിത കർമ സേന പൂർണമായും നീക്കം ചെയ്തത്. പ്ളാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവയെല്ലാം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെൻററിൽ എത്തിച്ച ശേഷം തരംതിരിരിച്ച് ക്ളീൻ കേരള കമ്പനിക്ക് കൈമാറി. മാലിന്യ നീക്കം പൂർത്തിയാക്കിയ ശേഷം അവിടം ശുദ്ധീകരിക്കുകയും ചെയ്തു. തുടർന്ന് ഈ പ്രദേശത്ത് മണ്ണിട്ട് ഉയർത്തി ഷട്ടിൽ കോർട്ട് തയ്യാറാക്കുകയായിരുന്നു. ചുറ്റിനും ചെടികളും വൃക്ഷങ്ങളും വച്ചു പിടിപ്പിച്ചതോടെ മാർക്കറ്റ് പരിസരത്തിന് ഹരിതമുഖവും കൈവന്നു. വൃത്തിഹീനമായി കിടന്നിരുന്ന സ്ഥലം ഉപയോഗപ്രദമായി മാറ്റിയെടുത്തതോടെ ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ അംഗീകാരവും ലഭിക്കുന്നുണ്ട്.

കൊടകര സി.ഡി.എസിനു കീഴിൽ 39 ഹരിത കർമ സേനാംഗങ്ങളുണ്ട്. ചിട്ടയായ മാലിന്യശേഖരണത്തിലൂടെ മികച്ചരീതിയിൽ യൂസർ ഫീ കള്ഷനും നേടുന്നു. നിലവിൽ ഒരംഗത്തിന് പ്രതിമാസം 14,000 രൂപ വേതനമായി ലഭിക്കുന്നു. മാലിന്യമുക്ത നവകേരളം എന്ന സർക്കാരിൻറെ പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത പ്രവർത്തനങ്ങളുമായി മുന്നേറുകയാണ് കൊടകരയിലെ ഈ പെൺകൂട്ടായ്മ.

പബ്ളിക് റിലേഷൻസ് ഓഫീസർ

കുടുംബശ്രീ

# ബിയർകുപ്പി എറിഞ്ഞു കുട്ടിയെ പരിക്കേൽപ്പിച്ചയാൾ പിടിയിൽ

തിരുവനന്തപുരം: ബിയർകുപ്പി എറിഞ്ഞ് കുട്ടിയെ പരിക്കേൽപ്പിച്ച സംഭവത്തിൽ യുവാവ് പിടിയിൽ. ബാറിന്റെ മുൻവശത്തുനിന്നെറിഞ്ഞ ബിയർ കുപ്പി ദേഹത്തുവീണു സ്‌കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന അഞ്ചുവയസുകാരനും പിതാവിനും പരിക്കേറ്റ സംഭവത്തിലാണ് പ്രതി പിടിയിലായത്.

കാട്ടാക്കട കട്ടയ്ക്കോട് കാവുവിള പുത്തൻവീട്ടിൽ മുഹമ്മദ് നദീമാണ് കാട്ടാക്കട പോലീസിന്റെ പിടിയിലായത്. ബാറിലെ സിസിടിവി ദൃശ്യങ്ങളാണ് നദീമിനെ നിരീക്ഷിച്ചതും ഒടുവിൽ പിടികൂടിയതും.

നദീമിന്റെ സംഘവും മറ്റൊരു സംഘവും തമ്മിലുള്ള തർക്കവും പിന്നെ കൈയാങ്കളിയുമാണ് ബിയർകുപ്പി വലിച്ചെറിഞ്ഞ സംഭവത്തിനു പിന്നിലെന്നു പോലീസ് പറഞ്ഞു. നദീമും കൂട്ടരും ബാറിനകത്ത് വഴക്കുണ്ടാക്കിയിരുന്നു. അതിനു പിന്നാലെ നദീമിനെ മർദിക്കുമെന്നു വാക്കേറ്റത്തിലായ സംഘാംഗങ്ങൾ ഭീഷണിമുഴക്കി. ഇതുകേട്ടു പ്രകോപിതനായ ഇയാൾ ബാറിനു മുന്നിലെ ഗേറ്റിൽ എത്തിയപ്പോൾ അസഭ്യവർഷം നടത്തുന്ന മറ്റൊരു ടീം കാറിൽ ഇരിക്കുന്നതായി കണ്ടു.

തുടർന്നാണു തന്റെ കൈയിലിരുന്ന ബിയർകുപ്പി റോഡിൽ എറിഞ്ഞതും അതു പൊട്ടി ചിതറി സ്കൂട്ടറിൽ പോകുകയായിരുന്ന കുട്ടിയേയും പിതാവിനെയും പരിക്കേൽപ്പിച്ചതും. സംഭവസ്ഥലത്തുനിന്നാൽ ദോഷമാകുമെന്നു കണ്ട ഇയാൾ രക്ഷപ്പെട്ടു പൂവാറിൽ പോവുകയായിരുന്നു. ഇയാൾ ഗൂഗിൾ പേ വഴിയാണ് ബാറിൽ ബില്ലടിച്ചത്. അവിടെനിന്നു ലഭിച്ച ഫോൺ നന്പർ കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണത്തിനൊടുവിലാണ് നദീം പിടിയിലായത്. ഇയാളെ ചോദ്യം ചെയ്തു വരികയാണ്. ഇയാളുടെ സംഘത്തിലെ മറ്റുള്ളവരെ കൂടെ ഉടൻ അറസ്റ്റ് ചെയ്യും. മാർച്ച് 31 രാത്രി പത്തോടെ കാട്ടാക്കട- തിരുവനന്തപുരം റോഡിലെ ബാറിനു മുന്നിലായിരുന്നു സംഭവം. കള്ളിക്കാട് അരുവിക്കുഴി സ്വദേശിയായ രജനീഷിനും മകൻ ആദം ജോണിനുമാണ് പരിക്കേറ്റത്.

കുഞ്ഞിന്റെ കാലിൽ ബിയർകുപ്പിയുടെ ചില്ല് പതിച്ച് മുറിവുണ്ടായി. നെഞ്ചിലും തലയിലും കുപ്പിയുടെ ചില്ലുകൾ വന്നു പതിച്ചു. ചില്ലുപതിച്ചതിനെ തുടർന്നു ബാലൻസ് നഷ്ടപ്പെട്ട സ്കൂട്ടർ മറിഞ്ഞതോടെ രജനീഷിനും സാരമായി പരിക്കേറ്റിരുന്നു.

# കെ-സ്മാർട്ട് ഏപ്രിൽ 10 മുതൽ പൂർണസജ്ജമാകും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഏകീകൃത പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്ന കെ-സ്മാർട്ട് ഏപ്രിൽ 10 മുതൽ പൂർണസജ്ജമാകും. ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് തുടങ്ങിയ നിരവധി സേവനങ്ങൾ ഇ-ഗവേണൻസിന്റെയും സ്മാർട്ട് ഓഫീസുകളുടെയും ഭാഗമായി ഡിജിറ്റലായി മാറിയിട്ടുണ്ടെങ്കിലും വിവിധ പ്ലാറ്റ്ഫോമുകളിലൂടെയാണ് പ്രവർത്തനം. കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ (കെ സ്മാർട്ട്) ഈ സേവനങ്ങൾ കൂടുതൽ സുഗമവും സുതാര്യവും കാര്യക്ഷമവുമാക്കുകയാണ്. https://ksmart.lsgkerala.gov.in വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്ലിക്കേഷനിലൂടെയും സേവനങ്ങൾ വിരൽത്തുമ്പിൽ എത്തിക്കുകയാണ് കെ-സ്മാർട്ട്. ഇൻഫർമേഷൻ കേരള മിഷനാണ് തദ്ദേശ സ്ഥാപനങ്ങളിൽ നിലവിലുള്ള വിവിധ സോഫ്റ്റ്‌വെയറുകൾക്ക് പകരമായി കെ-സ്മാർട്ട് വിന്യസിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളിലേക്കുള്ള ചുവടുവയ്പ്പാണ് കെ-സ്മാർട്ടിലൂടെ യാഥാർത്ഥ്യമാകുന്നത്. 2024 ജനുവരി ഒന്നു മുതൽ കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കെ-സ്മാർട്ട് നിലവിൽ വന്നിട്ടുണ്ട്. 2025 ഏപ്രിൽ 10ന് 941 ഗ്രാമപഞ്ചായത്തുകളിലും 152 ബ്ലോക്ക്, 14 ജില്ല പഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേക്കും കെ സ്മാർട്ടിന്റെ സേവനം വ്യാപിപ്പിക്കും.

കെ-സ്മാർട്ടിലൂടെ പൊതുജനങ്ങൾക്ക് പേപ്പർ രഹിതമായി ഡിജിറ്റൽ ഒപ്പിട്ട് അപേക്ഷകൾ സ്ഥലകാല പരിമിതികൾ ഇല്ലാതെ സമർപ്പിക്കാം. വ്യക്തികേന്ദ്രീകൃതമായ ലോഗിൻ വഴി ഒരിക്കൽ നൽകിയ വിവരങ്ങളും ലഭ്യമാക്കിയ വിവരങ്ങളും പിന്നീടുള്ള ആവശ്യങ്ങൾക്കായി സൂക്ഷിക്കും. വാട്സാപ്പ്, ഇ മെയിൽ വഴി രസീതുകളും സാക്ഷ്യപത്രങ്ങളും ലഭ്യമാക്കും. ആധാർ/ പാൻകാർഡ്/ ഇ മെയിൽ ഐഡി വഴി കെ-സ്മാർട്ടിൽ ലോഗിൻ ചെയ്യാം. ലോഗിൻ ചെയ്യാതെയും ഫോൺ നമ്പർ മാത്രം നൽകി പ്രധാന സേവനങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയും. അക്ഷയ കേന്ദ്രങ്ങൾ, കുടുംബശ്രീ ഹെൽപ്പ് ഡെസ്കുകൾ എന്നിവ വഴിയും അപേക്ഷകളും പരാതികളും നൽകാം. ഇടനിലക്കാർ ഇല്ലാതെയും ഓഫിസിൽ നേരിട്ട് വരാതെയും അപേക്ഷകളുടെയും പരാതികളുടെയും സ്റ്റാറ്റസ് ഓൺലൈനായി അപേക്ഷകന് സമയാസമയം അറിയാനാകും. കെ-സ്മാർട്ടിലൂടെ അപേക്ഷാ ഫീസുകൾ, നികുതികൾ, മറ്റ് ഫീസുകൾ എന്നിവ അടയ്ക്കാനും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യാനും സാധിക്കും.

കെ-സ്മാർട്ടിൽ സംയോജിപ്പിച്ച ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് നിർമാണാനുമതി നല്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ഗങഅജ എന്ന ഫീച്ചറിലൂടെ പൊതുജനങ്ങൾക്ക് അറിയാനാകും. KNOW YOUR LAND ഫീച്ചറിലൂടെ ഒരു സ്ഥലത്ത് ഏതെല്ലാം തരത്തിലുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കാൻ കഴിയുകയെന്ന വിവരം ലഭ്യമാകും. കെട്ടിട നിർമ്മാണത്തിനായി സമർപ്പിക്കുന്ന പ്ലാനുകൾ ചട്ടങ്ങൾ പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് സോഫ്റ്റ്‌വെയർ തന്നെ പരിശോധിച്ചു ഉറപ്പുവരുത്തുന്നതിനാൽ ഫീൽഡ് പരിശോധനകൾ ലഘൂകരിക്കപ്പെടും. ജനങ്ങൾക്കും ലൈസൻസികൾക്കും പെർമിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി ഏത് സമയത്തും പരിശോധിക്കുന്നതിനും കെ-സ്മാർട്ടിലൂടെ സാധിക്കും. ജി.ഐ.എസ് സാങ്കേതികവിദ്യ ഉപയോഗിച്ച് പ്ലോട്ടുകളുടെയും കെട്ടിടങ്ങളുടെയും വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുന്നതിലൂടെ ഏറ്റവും വേഗത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾ ജനങ്ങൾക്ക് ലഭ്യമാകും.വീഡിയോ കെ.വൈ.സി സഹായത്തോടെ കെ-സ്മാർട്ട് വഴി ലോകത്തെവിടെ നിന്നും വിവാഹ രജിസ്ട്രേഷന് അപേക്ഷിക്കാനും പൂർത്തിയാക്കാനും കഴിയും.

മരണ രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ, നോൺ അവയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ തദ്ദേശ സ്ഥാപനങ്ങൾ സന്ദർശിക്കാതെ ലഭിക്കുന്നതിനും എല്ലാതരം ട്രേഡ് ലൈസൻസുകൾ എടുക്കുന്നതിനും അവ പുതുക്കുന്നതിനും കെ-സ്മാർട്ടിലൂടെ സാധിക്കും.

# ആദിവാസി യുവാവ് പോലീസ് സ്‌റ്റേഷനിൽ മരിച്ച സംഭവം; ഉദ്യോഗസ്ഥരുടെ മൊഴിയെടുത്തു

വയനാട്: ആദിവാസി യുവാവ് മരിച്ച സംഭവത്തിൽ കൽപ്പറ്റ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ മൊഴിയെടുത്തു. ഗോകുൽ മരിച്ച ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരിൽനിന്നാണ് ജില്ലാ ക്രൈംബ്രാഞ്ച് മൊഴിയെടുത്തത്. സംസ്ഥാന ക്രൈംബ്രാഞ്ച് ഇന്ന് കേസ് ഏറ്റെടുത്തേക്കും.

അമ്പലവയൽ നെല്ലാറച്ചാൽ സ്വദേശി ഗോകുലിനെ സ്റ്റേഷനിലെ ശുചിമുറിയിലാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. കോഴിക്കോട് മെഡിക്കൽ കോളജിൽ പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തിയാക്കി വീട്ടുവളപ്പിൽ സംസ്കരിക്കാനുള്ള ഒരുക്കങ്ങൾ നടക്കുന്നതിനിടെയാണ് ഗോകുലിന് 18 വയസായില്ലെന്ന വിവരം പുറത്തുവന്നത്.

സംഭവത്തിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചെന്നായിരുന്നു പ്രാഥമിക അന്വേഷണ റിപ്പോർട്ട്. ഉത്തര മേഖലാ ഡിഐജിക്ക് എസ്പി കൈമാറിയ റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിരുന്നത്. ഗോകുൽ ശുചിമുറിയിലേക്ക് പോയി പുറത്തു വരാൻ വൈകിയതിൽ ജാഗ്രത ഉണ്ടായില്ലെന്നും കൃത്യമായി നിരീക്ഷണം നടന്നില്ലെന്നും റിപ്പോർട്ടിൽ പറഞ്ഞിരുന്നു.

# പ്രധാനമന്ത്രിക്ക് മാത്രമേ മുനമ്പം നിവാസികളെ രക്ഷിക്കാൻ കഴിയൂവെന്ന് ജോർജ് കുര്യൻ

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് മാത്രമേ മുനമ്പം നിവാസികളെ രക്ഷിക്കാൻ സാധിക്കുവെന്ന് രാജ്യസഭയിൽ കേന്ദ്ര മന്ത്രി ജോർജ് കുര്യൻ. സിപിഎമ്മും കോൺഗ്രസും അവരെ അവിടെ നിന്ന് ഒഴിപ്പിക്കാനാണ് ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

മുനമ്പത്തുകാർക്ക് പിന്തുണ നൽകുന്നതുകൊണ്ട് ബിജെപിയെ ഒറ്റപ്പെടുത്താൻ ശ്രമിക്കുകയാണ്. മുനമ്പത്തിൽ ബില്ലിനെ അനുകൂലിച്ച് ജനങ്ങൾ ആഹ്ലാദപ്രകടനം നടത്തിയെന്നും പ്രധാനമന്ത്രി നരേന്ദ്രമോദിയോടുള്ള നന്ദി അവർ പ്രകടിപ്പിച്ചുവെന്നും അദ്ദേഹം വ്യക്തമാക്കി.

സത്യാവസ്ഥ അറിയാവുന്നതുകൊണ്ടാണ് സിബിസിഐയും കെസിബിസിയും ഈ ബില്ലിനെ പിന്തുണച്ചതെന്നും പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യയെ നിരോധിച്ചത് പ്രതിപക്ഷത്തെ അങ്കലാപ്പിലാക്കിയെന്നും അദ്ദേഹം ആരോപിച്ചു.

പാലാ ബിഷപ്പ് ഹൗസ് പിഎഫ് ഐ ആക്രമിച്ചപ്പോൾ മിണ്ടാതിരുന്നവരാണ് കേരളത്തിലെ കോൺഗ്രസുകാരെന്നും ജോർജ് കുര്യൻ പറഞ്ഞു. കേരളത്തിലെ മുസ്‌ലീങ്ങളെ ഇടതും വലതും തെറ്റിദ്ധരിപ്പിക്കുകയാണ്.

ക്രിസ്ത്യൻ വോട്ട് കിട്ടിയതുകൊണ്ടാണ് തൃശൂരിൽ സുരേഷ് ഗോപി ജയിച്ചത്. എസ്എഫ്ഐ പ്രവർത്തകൻ അഭിമന്യുവിൻനെ കൊലപ്പെടുത്തിയത് പിഎഫ്ഐക്കാരാണ്. ഇവരെ നിരോധിച്ചതോടെ കോൺഗ്രസും സിപിഎമ്മും സങ്കടത്തിലാണെന്നും ജോർജ് കുര്യൻ പറഞ്ഞു.

മദനിക്കെതിരെ കേന്ദ്ര സർക്കാർ നടപടിയെടുത്തപ്പോൾ അതിനെതിരെ പ്രമേയം പാസാക്കിയവരാണ് കേരള നിയമസഭയിലുള്ളതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

മതേതരത്തെ കുറിച്ചും മതപരമായ അവകാശങ്ങളെ കുറിച്ചും ഒരുപാട് സംസാരിച്ചവരാണ് കേരളത്തിലെ എംപിമാർ. ഡിവൈഎഫ്ഐയും എസ്എഫ്ഐയും ചേർന്ന് ക്രിസ്മസ് കരോളിനെ കേരളത്തിൽ ആക്രമിച്ചുവെന്നും ജോർജ് കുര്യൻ പറഞ്ഞു.

# എമ്പുരാൻ സിനിമ മോശമാണെന്ന് പറഞ്ഞിട്ടില്ല: മേജർ രവി

തിരുവനന്തപുരം: എമ്പുരാൻ വിവാദത്തിൽ നടി മല്ലികാ സുകുമാരന് മറുപടിയുമായി നടനും സംവിധായകനുമായ മേജർ രവി. പടം നന്നായില്ല എന്ന് പറഞ്ഞിട്ടില്ലെന്നും സിനിമ കണ്ട് ഇറങ്ങി വന്നപ്പോൾ പറഞ്ഞത് ടെക്നിക്കലി ഫൻറാസ്റ്റിക് ആണെന്നായിരുന്നുവെന്നും മേജർ രവി പറഞ്ഞു. അതേസമയം, പടത്തിൽ രാജ്യദ്രോഹപരം ആയിട്ടുള്ളത് ഉണ്ടെന്ന് ഞാൻ അപ്പോഴും പറഞ്ഞു ഇപ്പോഴും പറയുന്നുവെന്നും മേജർ രവി വ്യക്തമാക്കി.

'രണ്ട് ആരോപണങ്ങൾ ആണ് മേജർ രവിക്ക് നേരെ ഉള്ളത്. ഒന്ന് മോഹൻലാൽ പടം കണ്ടിട്ടില്ല എന്ന് പറഞ്ഞത്. അത് ഞാൻ നുണ പറഞ്ഞതാണ് എന്നാണ് പറയുന്നത്. ആൻറണി പെരുമ്പാവൂർ എന്താണ് പറഞ്ഞത്. അവർ കഥയൊക്കെ കേട്ടു, സിനിമ ചെയ്യാൻ തീരുമാനിച്ചു എന്നല്ലേ. കഥ കണ്ടു വായിച്ചു, ഞാനും ഒരു എഴുത്തുകാരൻ ആണ്, ഞാൻ എഴുതിയത് പലതും പിന്നെ മാറ്റും, പടം കാണൽ ആണ് മുഖ്യം, അപ്പൊ അത് വിട്ടേക്ക്.

ഞാൻ മല്ലിക ചേച്ചിയുടെ മകനെ ഒറ്റപ്പെടുത്തി, പടം മോശമാണ് എന്നൊക്കെ പറഞ്ഞുവെന്ന കാര്യം. ഞാൻ എവിടെയാണ് പടം നന്നായില്ല എന്ന് പറഞ്ഞത്. പടം കണ്ട് ഇറങ്ങി വന്നപ്പോൾ പറഞ്ഞത് ടെക്നിക്കലി ഫൻറാസ്റ്റിക് എന്നാണ്, ഇപ്പോഴും ഞാൻ അതിൽ തന്നെ നിൽക്കുന്നു, പക്ഷേ പടത്തിൽ രാജ്യദ്രോഹപരം ആയിട്ടുള്ളത് ഉണ്ടെന്ന് ഞാൻ അപ്പോഴും പറഞ്ഞു, ഇപ്പോഴും പറയുന്നു.

ഇതൊക്കെ പറഞ്ഞ് എനിക്ക് മോഹൻലാലിന്റെ പ്രീതി നേടേണ്ട ആവശ്യമില്ല. 1994 മാർച്ച് 13 മുതലുള്ള ബന്ധമാണ് അത്. പടം ചെയ്താലും ഇല്ലെങ്കിലും അത് അവിടെ തന്നെ കാണും, അത് മരിക്കുന്നതു വരെ അതുപോലെ നിൽക്കും.

കീർത്തിചക്ര എന്ന സിനിമ ചെയ്ത് എന്നെ മേജർ രവി ആക്കിയത് മോഹൻലാൽ ആണ്, അത് ആൻറണി പെരുമ്പാവൂർ ഒന്നും പ്രൊഡ്യൂസ് ചെയ്തതല്ല. അത് നിർമിച്ചത് ആർ. ബി. ചൗധരി സാറാണ്. എനിക്ക് അവർ രണ്ടുപേരോടും കടപ്പാടുണ്ട്. അത് ഞാൻ എന്നും കാണിച്ചിരിക്കും.

എമ്പുരാൻ കണ്ടിറങ്ങിയപ്പോൾ തന്നെ എനിക്ക് ടെൻഷൻ ഉണ്ടായിരുന്നു. പക്ഷേ ഒരു പടം ഇറങ്ങിയ ഉടനെ തന്നെ അതിനെക്കുറിച്ച് നെഗറ്റീവ് പറയാൻ കഴിയില്ല. സിനിമയിൽ സത്യാവസ്ഥകളെ മറച്ചുപിടിച്ചു കൊണ്ട് പകുതി മാത്രം പറഞ്ഞിട്ട് ഒരു വിവാദം ഉണ്ടാക്കിയതല്ലേ, അതുകൊണ്ടല്ലേ ജനങ്ങൾ ഇളകി സംസാരിക്കുന്നത്.

അപ്പോ സിനിമയിൽ പ്രശ്നം ഉണ്ടെന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ പടം കൊള്ളില്ല എന്നല്ല. ഇന്നും നിങ്ങൾക്ക് മോഹൻലാൽ പടം കണ്ടോ ഇല്ലയോ എന്ന കാര്യത്തിൽ ആൻറണി പെരുമ്പാവൂരിൽ നിന്ന് ക്ലാരിറ്റി കിട്ടിയിട്ടുണ്ടോ, ഇല്ല എന്നാണ് ഉത്തരം. ''മേജർ രവി പറഞ്ഞു.

# ഐബി ഉദ്യോഗസ്ഥയുടെ മരണം; സുകാന്ത് സുരേഷിനെതിരെ ബലാത്സംഗ കുറ്റം ചുമത്തി

കൊച്ചി: ഐബി ഉദ്യോഗസ്ഥയുടെ ആത്മഹത്യയിൽ സുഹൃത്തും ഐബി ഉദ്യോഗസ്ഥനുമായ സുകാന്ത് സുരേഷിനെതിരെ ബലാത്സംഗ കുറ്റം ചുമത്തി.

ലൈംഗീക പീഡനത്തിന് തെളിവ് ലഭിച്ച സാഹചര്യത്തിലാണ് നടപടി. നേരത്തെ, കേസിൽ സുകാന്തിനെ പ്രതി ചേർത്തിരുന്നു.

അതേസമയം, സുകാന്ത് മുൻകൂർജാമ്യത്തിന് ഹൈക്കോടതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. മരിച്ച ഐബി ഉദ്യോഗസ്ഥയെ വിവാഹം കഴിക്കാൻ തീരുമാനിച്ചിരുന്നതായി സുകാന്ത് മുൻകൂർ ജാമ്യാപേക്ഷയിൽ പറയുന്നു.

തങ്ങൾ ഇരുവരും പ്രണയത്തിലായിരുന്നു. വിവാഹാലോചനയും നടത്തിയിരുന്നു. തന്റെ മാതാപിതാക്കൾ യുവതിയുടെ വീട്ടിൽ പോയി സംസാരിക്കുകയും ചെയ്തിരുന്നു. യുവതിയുടെ മരണത്തോടെ താൻ മാനസികമായി തകർന്ന നിലയിലാണെന്നും മുൻകൂർ ജാമ്യാപേക്ഷയിൽ സുകാന്ത് പറയുന്നു.യുവതിയുടെ മാതാപിതാക്കൾ തനിക്കെതിരെ പരാതി നൽകിയതായി അറിഞ്ഞു. ഈ സാഹചര്യത്തിൽ മുൻകൂർ ജാമ്യം അനുവദിക്കണമെന്നും സുകാന്തിന്റെ വാദം.

എന്നാൽ സുകാന്തിന്റെ വാദങ്ങൾ പത്തനംതിട്ടയിലെ യുവതിയുടെ കുടുംബം തള്ളി. വിവാഹത്തിൽ നിന്ന് ഒഴിഞ്ഞു മാറിയ യുവാവ്, മകളെ ചൂഷണം ചെയ്യുകയായിരുന്നു. മകൾ ഗർഭഛിദ്രം നടത്തിയതായി പോലീസിൽ നിന്ന് അറിഞ്ഞു. 2024 ജൂലൈ മാസം തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു ഗർഭചിദ്രം. ഇതടക്കം ചൂഷണത്തിന്റെ തെളിവുകൾ പോലീസ് കൃത്യമായ കോടതിയിൽ ഹാജരാക്കുമെന്നാണ് പ്രതീക്ഷയെന്നും അച്ഛൻ പറഞ്ഞു.

മുൻകൂർ ജാമ്യ ഹർജിയിൽ വിശദമായ നടക്കേണ്ടതുണ്ട്. അടുത്ത ദിവസം പോലീസ് റിപ്പോർട്ട് ഹാജരാക്കും. യുവതിയുടെ കുടുംബവും പ്രത്യേകം അഭിഭാഷകനെ നിയോഗിക്കുമെന്നാണ് വിവരം.

# പോലീസുകാരനെ കുത്തിയ കേസിൽ പ്രതികൾ പിടിയിൽ

തിരുവനന്തപുരം: കരമന പോലീസ് സ്റ്റേഷനിലെ പോലീസുകാരനെ കുത്തിയ കേസിൽ പ്രതികൾ പിടിയിൽ. ജിതിൻ, രതീഷ്, ലിജു എന്നിവരാണ് പിടിയിലായത്.

വ്യാഴാഴ്ച ലഹരസംഘത്തെ പിടികൂടാൻ ശ്രമിക്കുന്നതിനിടെയാണ് സംഭവം. ജയചന്ദ്രൻ എന്ന പൊലീസുകാരന് ആണ് കുത്തേറ്റത്.കഞ്ചാവ് സംഘത്തിലേക്ക് കടന്നു ചെന്നപ്പോൾ കത്തി എടുത്ത് കുത്തുകയായിരുന്നു. പോലീസുകാരന്റെ വയറിനും കാലിനും കുത്തേറ്റു. ഇദ്ദേഹത്തെ തിരുവനന്തപുരം ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# കമ്പ്യൂട്ടർ കോഴ്സ്

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ പൂജപ്പുരയിലുള്ള എൽ.ബി.എസ് ഐറ്റി.ഡബ്ല്യു ക്യാമ്പസിലെ പരിശീലന കേന്ദ്രത്തിൽ ഏപ്രിൽ 4 ന് ആരംഭിക്കുന്ന ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ കോഴ്സിന് എസ്.എസ്.എൽ.സി. പാസായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി. പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും ഏപ്രിൽ 19 വരെ www.lbscentre.kerala.gov.in വെബ്സൈറ്റിലൂടെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് : 0471-2560333.